പന്ത്രണ്ടാം കേരള നിയമസഭ-- പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.629 23-7-2009- ൽ മറുപടിയ്ക്ക്

## മത്സ്യസംസ്കരണ വ്യവസായം

ചോദ്യം മറുപടി

ശ്രീ.എ.എം.യൂസഫ് :
ശ്രീ.സി.കെ.സദാശിവൻ :
ശ്രീ.വി.എൻ.വാസവൻ :
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.കെ.വി.അബ്ദുൾ ഖാദർ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യസംസ്കരണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) മത്സ്യസംസ്കരണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഫിഷറീസ് വകുപ്പ് സുനാമി അടിയന്തിര സഹായ പദ്ധതിയിലും സുനാമി പുനരധിവാസ പദ്ധതിയിലും ഉൾപ്പെടുത്തി വിവിധ ചെറുകിട മത്സ്യസംസ്ക്കരണ യൂണിറ്റുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പച്ച മത്സ്യവും കക്ക, ചിപ്പി എന്നിവയും വൃത്തിയാക്കി ഗുണമേന്മയോടെ വിപണനം നടത്തുന്നതിനും, മത്സ്യ കക്ക/ചിപ്പി എന്നിവ അച്ചാർ ആക്കി വിപണനം നടത്തുന്നതിനും, ആധുനിക രീതിയിലുള്ള ഡ്രയർ ഉപയോഗിച്ച് മത്സ്യം ഉണക്കി സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനുമുള്ള ചെറുകിടസംരംഭങ്ങളാണ് ഇത്തരത്തിൽ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടുള്ളത്. മത്സ്യം ഉണക്കി സംസ്കരണത്തിന് കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിലും തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്തും ഓരോ ഡ്രൈഫിഷ് കോംപ്ളക്സ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആലപ്പാട്, ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം, ആറാട്ടുപുഴ എന്നിവിടങ്ങളിൽ ക്ളസ്റ്റർ പ്രൊഡക്ഷൻ സെൻററുകൾ (CPC) സ്ഥാപിതമായിട്ടുണ്ട്. മത്സ്യസംസ്കരണ വ്യവസായം പ്രോത്സാഹിപ്പിക്കു |

| | |
|---|---|
| | ന്നതിന് കേരള സർക്കാർ നളപാകം എന്ന ഒരു നൂതന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മത്സ്യഫെഡിൻെറ കീഴിൽ കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ എം.പി.ഇ.ഡി.എ. യുടെ സഹായത്തോടെ ഒരു കമ്മ്യൂണിറ്റി പീലിംഗ് സെൻറർ തുടങ്ങുന്നതിനുള്ള പ്രവർത്തന ങ്ങൾ ആരംഭിച്ചുകഴിഞ്ഞു. |
| (ബി) മത്സ്യസംസ്കരണത്തിന് പുതിയ സാങ്കേതിക വിദ്യകൾ ആവിഷ്ക്കരി ക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) പനങ്ങാട് ഫിഷറീസ് കോളേജിൽ വിക സിപ്പിച്ചെടുത്ത സോളാർ ടെൻറ് ഡ്രയർ യൂണിറ്റുകളാണ് സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം വിതരണം ചെയ്ത് പ്രോത്സാഹിപ്പിച്ചത്. ഗുണഭോക്താക്കൾക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഹാർ വെസ്റ്റ് ടെക്നോളജി ആൻറ് ട്രെയിനിംഗ് (നിഫാറ്റ്) - ൽ വിദഗ്ദ്ധ പരിശീലനം നൽ കുക വഴി മത്സ്യസംസ്കരണ രംഗത്തെ പുതിയ സാങ്കേതിക വിദ്യകൾ സ്വായത്തമാ ക്കുന്നതിനും പ്രയോഗത്തിൽ കൊണ്ടുവരു ന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (സി) പാക്കേജിംഗിനും ഉല്പന്നങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിനും മെച്ചപ്പെട്ട സംവിധാനം ഏർപ്പെടു ത്തുമോ ; | (സി)<br>(1) സുനാമി അടിയന്തിര സഹായ പദ്ധതി, സുനാമി പുനരധിവാസ പദ്ധതിപ്രകാരം സ്ഥാപിതമായി പ്രവർത്തിച്ചുവരുന്ന യൂണി റ്റുകൾ ഉൽപ്പാദിപ്പിക്കുന്ന തീരമൈത്രി ഉൽപ്പ ന്നങ്ങൾ ആധുനിക രീതിയിൽ പാക്ക് ചെയ്ത് വിപണനം നടത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br>(2) പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ ഉൾപ്പെടുത്തി മത്സ്യവിപണന തൊഴിലാ ളികൾക്ക് മത്സ്യം കേടുകൂടാതെ സൂക്ഷിക്കു വാൻ ഇൻസുലേറ്റഡ് ബോക്സുകൾ വിത രണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നു ണ്ട്.<br>(3) ഉൽപ്പന്നങ്ങൾ വൃത്തിയായും ശുദ്ധി യായും സൂക്ഷിക്കുന്നതിന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് സാഫ് പരിശീലനം നൽകിവരു ന്നു. |

| | |
|---|---|
| | (4) നളപാകം പദ്ധതിയിൻകീഴിൽ പാക്കേജിംഗിനും ഉൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുമായിട്ടുള്ള വളരെ നൂതന ഉപകരണങ്ങളായ വാക്വം പാക്കിംഗ് ഉപകരണങ്ങൾ, ഫ്രീസറുകൾ, ചിൽഡ് സ്റ്റോറേജ് മുറികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>(5) മത്സ്യഫെഡ്, എം.പി.ഇ.ഡി.എ. യുടെ സഹായത്തോടുകൂടി മുനമ്പം, ബേപ്പൂർ, പുതിയാപ്പ എന്നീ ഹാർബറുകളിൽ ഐസ് പ്ളാൻറും ചെറിയ സ്റ്റോറും നിർമ്മിച്ച് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) മത്സ്യസംസ്കരണത്തിനായി കേന്ദ്ര സർക്കാരിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി)<br>(1) നളപാകം പദ്ധതിക്ക് കേന്ദ്രസർക്കാരിൻെറ കീഴിലുള്ള നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡ് (NFDB) ൻെറ ധനസഹായം ലഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>(2) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തും ചേറ്റുവ മത്സ്യബന്ധന തുറമുഖത്തും ഫ്ളേക്ക് ഐസ് യൂണിറ്റും ചിൽ റൂമും സ്ഥാപിക്കുന്നതിനുള്ള സഹായത്തിനായി (80 ലക്ഷം രൂപ) ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാർ സ്ഥാപനമായ എം.പി.ഇ.ഡി.എ.ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>(3) കൊല്ലംജില്ലയിലെ ശക്തികുളങ്ങരയിൽ 285 ലക്ഷം രൂപ ചെലവ് ചെയ്ത് ആരംഭിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള കമ്മ്യൂണിറ്റി പീലിംഗ് സെൻറർ എം.പി.ഇ.ഡി.എ. യുടെ സഹായത്തോടെ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 630 — 23.07.2009 ൽ മറുപടിയ്ക്ക്

## അംഗീകൃത അറവുശാലകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.എ.എം.ആരിഫ് | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ അംഗീകൃത അറവുശാലകൾ സ്ഥാപിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഹൈക്കോടതി വിധിന്യായത്തിന്റെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടില്ല. പൂർണ്ണ രൂപത്തിലുള്ള വിധിന്യായം പഠിച്ചതിന് ശേഷം മാത്രമെ ഇക്കാര്യത്തിൽ എന്ത് നടപടികൾ കൈക്കൊള്ളാൻ കഴിയും എന്ന് പറയാൻ കഴിയുകയുള്ളൂ. ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയും സ്വന്തമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) അംഗീകൃത അറവുശാലകൾ ഇല്ലാത്ത എത്ര തദ്ദേശ സ്ഥാപനങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്ത് ആകെ 44 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അറവുശാലകൾ നിലവിലുണ്ട്. ഇവയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ ഇപ്പോൾ പ്രവർത്തിക്കുന്നത് 20 എണ്ണമാണ്. |
| (സി) അറവുശാലകൾക്ക് ഉണ്ടായിരിക്കേണ്ട ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. അറവുശാലകളിൽ ഉണ്ടായിരിക്കേണ്ട ഭൗതിക സാഹചര്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അറവുശാലകളിൽ ഡോക്ടർമാരുടെ സേവനം നിർബന്ധമാക്കുമോ; | (ഡി) | അറവുശാലകളിൽ വെറ്റിനറി ഡോക്ടർ മാരുടെ സേവനം ഉറപ്പാക്കാനും ആന്റി മോർട്ടം, പോസ്റ്റ്മോർട്ടം പരിശോധനകൾ നടത്താനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി അപ്രകാരം ചെയ്യുന്നുവെന്ന് ഉറപ്പാക്കാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഇറച്ചി വിൽപ്പന കേന്ദ്രങ്ങളിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുമോ ? | (ഇ) | ഇറച്ചി വിൽപ്പന കേന്ദ്രങ്ങളിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് ആവശ്യമായ സൗകര്യം ഒരുക്കേണ്ടത് ഇറച്ചി വിൽപ്പനക്കാർ തന്നെയാണ്. ഭക്ഷ്യയോഗ്യമല്ലാത്ത മൃഗഭാഗങ്ങൾ, തോൽ, കൊമ്പ്, ആന്തരീകാവയവങ്ങൾ തുടങ്ങിയവ ഇറച്ചിക്കടകളിൽ കൊണ്ടു വരാൻ പാടില്ലാത്തതാകുന്നു. എല്ലുകളും മറ്റു അവശിഷ്ടങ്ങളും സൂക്ഷിക്കാൻ പ്രത്യേകം പാത്രം ഇറച്ചിക്കടകളിൽ കരുതേണ്ടതാണ്. ഈ അവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ പൊതു സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### അറവുശാലകളിൽ ഉണ്ടായിരിക്കേണ്ട ഭൗതീക സാഹചര്യങ്ങൾ

1. മൃഗങ്ങളെ വണ്ടിയിൽ നിന്നും ഇറക്കുന്നതിന് റാമ്പ് സൗകര്യം. മൃഗങ്ങൾക്ക് ഭക്ഷണവും വെള്ളവും നൽകാനുള്ള സൗകര്യം
2. രോഗമുണ്ടെന്ന് സംശയിക്കുന്ന മൃഗങ്ങളെ സൂക്ഷിക്കാൻ പ്രത്യേക സൗകര്യം
3. മൃഗങ്ങളെ ഇനം തിരിച്ച് സൂക്ഷിക്കാനുള്ള സൗകര്യം
4. മതിയായ തോതിൽ മൃഗങ്ങൾക്ക് വിശ്രമിക്കാനുള്ള സൗകര്യം
5. അറവുശാലയുടെ ചുവരുകൾ മിനുസമായ ഓടുകൾ പാകിയതാകണം.
6. അറവു ശാലയുടെ തറ കഴുകി വൃത്തിയാക്കത്തക്ക വിധം മിനുസമുള്ളതും അതേ സമയം ചറുക്കാത്ത വിധം പരുക്കനായതുമായ ഓടുകൾ പാകിയതാകണം.
7. മൃഗങ്ങളെ സൂക്ഷിക്കുന്നതിനും മൃഗഡോക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതുമായ സ്ഥലം നിർദ്ദിഷ്ട സൗകര്യങ്ങളോട് കൂടിയതായിരിക്കണം.
8. സ്ലോട്ടർ ഹൗസ് കെട്ടിടത്തിന്റെ കെട്ടിടം, തറ, ഭിത്തികൾ,മേൽക്കൂര, ജനലുകൾ,ഡ്രെയിനേജ് , ജല ലഭ്യത ,ശുചീകരണ സൗകര്യങ്ങൾ, വെളിച്ചം എന്നിവയൊക്കെ നിർദ്ദിഷ്ട സൗകര്യങ്ങളോടും ക്രമീകരണങ്ങളോടും കൂടിയതായിരിക്കണം.
9. സസ്യജന്യ വസ്തുക്കൾ സംസ്ക്കരിക്കാനായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം.
10. വലിപ്പമുള്ള സെപ്റ്റിക് ടാങ്ക് ഉണ്ടായിരിക്കണം.
11. സോക്ക് പിറ്റ് സംവിധാനം ഉണ്ടായിരിക്കണം
12. അറവുശാലയിലേക്ക് പക്ഷികളും ക്ഷുദ്ര ജീവികളും കടക്കാത്ത വിധം ചുവരും നെറ്റും ഉള്ളതായിരിക്കണം.
13. കശാപ്പ് സ്ഥലം പ്രത്യേകമായി ഉണ്ടായിരിക്കേണ്ടതും അതിനു മതിയായ അളവുകളിലുള്ളതും മറ്റ് മൃഗങ്ങൾ കണാത്ത തരത്തിലുള്ളതുമായിരിക്കണം.
14. കശാപ്പ് ചെയ്ത മൃഗങ്ങളുടെ രക്തം വാർന്ന് പോകുന്നതനും തോൽ ഉരിക്കുന്നതിനും മറ്റും സൗകര്യം ഉണ്ടായിരിക്കണം.
15. 12 അടി പൊക്കവും അതിന്മേൽ മൂന്നടി പൊക്കമുള്ള മുള്ളുവേലിയും ഉള്ള ചുറ്റുമതിൽ നിർമ്മിക്കണം.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 631      23.07.2009 ലെ മറുപടിക്ക്

# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഫണ്ടും തൊഴിലുറപ്പ് കൗൺസിലും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. എൻ. രാജൻ<br>ശ്രീ. രാജാജി മാത്യൂസ്<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. എ.കെ. ചന്ദ്രൻ | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കു വേണ്ടി തൊഴിലുറപ്പ് ഫണ്ടും തൊഴിലുറപ്പ് കൗൺസിലും രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ? | (എ) | 2005 ലെ ദേശീയ തൊഴിലുറപ്പ് നിയമപ്രകാരം ഓരോ സംസ്ഥാന ഗവൺമെന്റും ഒരു സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ രൂപീകരിക്കേണ്ടതുണ്ട്. കേരളത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ 2006 മുതൽക്കു തന്നെ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. നിലവിലുള്ള തൊഴിലുറപ്പ് കൗൺസിൽ പുനഃസംഘടിപ്പിക്കുവാൻതീരുമാനിച്ചിട്ടുണ്ട്.<br>സംസ്ഥാന തൊഴിലുറപ്പ് ഫണ്ട് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമായ ചട്ടങ്ങൾ തയ്യാറാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന തൊഴിലുറപ്പ് ഫണ്ട് സ്വരൂപിക്കുന്നത് എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ ? | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി ഫണ്ടാണ് തൊഴിലുറപ്പ് ഫണ്ടിന്റെ പ്രധാന സ്രോതസ്സ്. ഇതിനു പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സംഭാവനകളും ഇതര സംഭാവനകളും തൊഴിലുറപ്പ് ഫണ്ടിലേക്ക് സ്വരൂപിക്കാവുന്നതാണ്. |
| (സി ) | തൊഴിലുറപ്പ് കൗൺസിലിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (സി) | കേരള സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ ചുമതലകൾ ചുവടെ കൊടുക്കുന്നു.<br>1. പദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാന സർക്കാരിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.<br>2. തൊഴിലുറപ്പ് നിയമത്തിന്റെയും പദ്ധതിയുടെയും നടത്തിപ്പ് നിരീക്ഷിക്കുക, കേന്ദ്ര തൊഴിലുറപ്പ് കൗൺസിലുമായി ഏകോപന പ്രവർത്തനങ്ങൾ നടത്തുക.<br>3. നിയമസഭയിൽ സമർപ്പിക്കുവാനുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കുക.<br>4. കേന്ദ്ര തൊഴിലുറപ്പ് കൗൺസിലോ സംസ്ഥാന സർക്കാരോ ഏൽപ്പിക്കുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കുക. |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (ഡി) | ഈ പദ്ധതികളെ പ്പറ്റിയുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനെ കുറിച്ചുള്ള പരാതികളുടെ പരിഹാരത്തിനായി ബ്ലോക്കുതലത്തിൽ ബ്ലോക്കു പ്രോഗ്രാം ഓഫീസർമാരെയും ജില്ലാ തലത്തിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ മാരെയും പരാതി പരിഹാര അതോറിറ്റികളായി നിശ്ചയിച്ചിട്ടുണ്ട്. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ, സംസ്ഥാന തൊഴിലുറപ്പ് കമ്മീഷണർ എന്നിവരെ യഥാക്രമം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അപ്പലറ്റ് അതോറിറ്റികളായും നിശ്ചയിച്ചിട്ടുണ്ട്.<br><br>ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നൂറു ശതമാനവും ജില്ലാ തലത്തിൽ പത്ത് ശതമാനവും സംസ്ഥാനതലത്തിൽ രണ്ട് ശതമാനവും ഉദ്യോഗസ്ഥ തല പരിശോധനയും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ദേശീയതല മോണിറ്റർമാർ ബന്ധപ്പെട്ട ജില്ലകളിൽ പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും എം.പിമാർക്കും സമർപ്പിക്കുന്നു. പരാതി പരിഹാരത്തിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ടോൾ ഫ്രീ ടെലഫോൺ നമ്പറുകളും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സോഷ്യൽ ഓഡിറ്റ് ഒന്നാം ഘട്ട ജില്ലകളിൽ പൂർണ്ണമായും നടപ്പിലാക്കി. രണ്ടാം ഘട്ട, മൂന്നാം ഘട്ട ജില്ലകളിൽ ആഗസ്റ്റ് 31 ഓടു കൂടി സോഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 632 — 23.7.2009-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ എസ് ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യതൊഴിലാളികൾക്കായി 16 ക്ഷേമ പദ്ധതികളും മത്സ്യമേഖയിലെ അനുബന്ധ തൊഴിലാളികൾക്കായി 10 ക്ഷേമ പദ്ധതികളും നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മത്സ്യതൊഴിലാളി ക്ഷേമനിധി ആക്ടിൽ വിവക്ഷിക്കുന്ന അംശദായകരിൽ നിന്നും വിഹിത സമാഹരണം ഊർജ്ജിതമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സെസ്സ് ആക്ട് പ്രകാരം മത്സ്യ കയറ്റുമതിക്കാരിൽ നിന്നും മത്സ്യ വ്യാപാരികളിൽ നിന്നും സെസ്സ് പിരിച്ചെടുക്കുന്നതിനായി ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികളിൽ കുടിശ്ശികയായിട്ടുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് 2135.68 ലക്ഷം രൂപയും അനുബന്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 99.29 ലക്ഷം രൂപയും കൂടി മൊത്തം 2234.97 ലക്ഷം രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മത്സ്യബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ പരിഷ്ക്കരിച്ച് ധനസഹായ തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തുന്നതിനും നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) മത്സ്യക്കയറ്റുമതിക്കാരിൽ നിന്നും കമ്മീഷൻ ഏജന്റുമാരിൽ നിന്നും മറ്റും സെസ് ഇനത്തിൽ കഴിഞ്ഞവർഷം എത്ര രൂപ ലഭിച്ചിട്ടുണ്ട്; | ബി) മത്സ്യക്കയറ്റുമതിക്കാരിൽ നിന്നും കമ്മീഷൻ ഏജന്റുമാരിൽ നിന്നും സെസ്സ് ഇനത്തിൽ കഴിഞ്ഞ വർഷം തുകയൊന്നും ലഭിച്ചിട്ടില്ല. മറ്റുള്ളവരിൽ നിന്നും 1,82,516/- രൂപ ലഭിച്ചിട്ടുണ്ട്. |
| സി) ക്ഷേമനിധിയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ വ്യക്തമാക്കുമോ; | സി) മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി ക്ഷേമനിധിയിൽ നിന്നും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ഡി) ക്ഷേമനിധി പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവ 1-4-08 മുതൽ 120/- രൂപയിൽ നിന്ന് 200/- രൂപയായും അനുബന്ധ തൊഴിലാളി പെൻഷൻ 1-9-08 മുതൽ 75/- രൂപയിൽ നിന്ന് 200/- രൂപയായും വർദ്ധിപ്പിച്ച് നൽകിവരുന്നുണ്ട്. 2009-10 വർഷത്തെ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ ക്ഷേമ പെൻഷനുകൾ 250/- രൂപയായി വർദ്ധിപ്പിക്കുന്നതായി പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ തുക 250/- രൂപയായി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

Dinesh Kumar
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ-633 — 23/7/2009 -ൽ മറുപടിയ്ക്ക്.

## തടവുകാർക്ക് തൊഴിൽ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ :<br>ശ്രീ. വി.ശശികുമാർ:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>(ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി): |

| | |
|---|---|
| (എ) . സെൻട്രൽ ജയിലുകളോടനുബന്ധിച്ചുള്ള നിർമ്മാണശാലകളിൽ ഏതെല്ലാം തൊഴിലുകളിൽ പരിശീലനം നൽകുന്നു എന്ന് വെളിപ്പെടുത്തുമോ; | (എ). തിരുവനന്തപുരം സെൻട്രൽ ജയിൽ :<br>മരപ്പണി, കൊല്ലപ്പണി, നെയ്ത്ത്, തയ്യൽ, പ്രിന്റിംഗ്, കെട്ടിടനിർമ്മാണം, സോപ്പ് നിർമ്മാണം<br><br>വിയ്യൂർ സെൻട്രൽ ജയിൽ :<br>നെയ്ത്ത്, തയ്യൽ,സോപ്പ് നിർമ്മാണം<br><br>കണ്ണൂർ സെൻട്രൽ ജയിൽ :<br>നെയ്ത്ത്, തയ്യൽ, മരപ്പണി |
| (ബി). പരിശീലനം നൽകുന്നതിന് സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; | (ബി). ഉണ്ട് |
| (സി). പരിശീലനം നേടി തൊഴിൽ ചെയ്യുന്ന തടവുകാർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; | (സി). സർക്കാർ അംഗീകരിച്ച വേതനം നൽകുന്നുണ്ട് |
| (ഡി). ആധുനിക സാങ്കേതികവിദ്യകളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി). കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നുണ്ട്. കൂടാതെ കാർപ്പെന്ററി, സ്മിത്തി എന്നിവയിൽ തടവുകാർക്ക് ആധുനിക ഉപകരണങ്ങളിൽ പരിശീലനം നൽകിവരുന്നുണ്ട്. |
| (ഇ).ഇവിടെ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഇ ). 1. ജയിൽ ആസ്ഥാനകാര്യാലയത്തിൽ ജയിൽ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനുള്ള വിൽപ്പനശാല പ്രവർത്തിക്കുന്നുണ്ട്.<br>2. സോപ്പ് നിർമ്മിച്ച് ഇൻഡന്റ് പ്രകാരം മറ്റു ജയിലുകളിലേക്ക് വിതരണം ചെയ്യുന്നു<br>3. ഫർണിച്ചറുകൾ, തുണിത്തരങ്ങൾ എന്നിവ സർക്കാർ സ്ഥാപനങ്ങളിലേക്ക് ഓർഡർ അനുസരിച്ച് നിർമ്മിച്ച് വിതരണം ചെയ്യുന്നു. |

| | |
|---|---|
| (എഫ്). സർക്കാർ ആഫീസുകൾക്ക് ആവശ്യമുള്ള സാധന സാമഗ്രികൾ ജയിലുകളിൽ നിർമ്മിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ? | (എഫ്). സർക്കാർ ഓഫീസുകൾക്ക് ഓർഡർ അനുസരിച്ച് ഫർണിച്ചർ, ഷീറ്റുകൾ തുടങ്ങിയവ നിർമ്മിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ആഫീസർ.

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 634

23.7.2009-ൽ മറുപടിക്ക്

## മത്സ്യമേഖലയിലെ ഇൻഷ്വറൻസ് പാക്കേജ്

**ചോദ്യം**

ശ്രീ. ബാബു പോൾ
ശ്രീ. എൻ.അനിരുദ്ധൻ
ശ്രീ.കെ.അജിത്
ശ്രീ.പള്ളിപ്രം ബാലൻ
ശ്രീ.വി.എസ്.സുനിൽകുമാർ

**മറുപടി**

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) മത്സ്യമേഖലയിൽ സമഗ്രമായ ഇൻഷ്വറൻസ് പാക്കേജ് നടപ്പിലാക്കി യിട്ടുണ്ടോ ;

എ) ഉണ്ട്.

ബി) ഏതെല്ലാം ഇനങ്ങളിലാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ബി) മത്സ്യമേഖലയിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മേഖലയിൽ പണിയെടുക്കുന്നവർക്കും താഴെപറയുംപ്രകാരം ഇൻഷ്വറൻസ് ധനസഹായം നൽകുന്നുണ്ട്:

1. മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികളുടെ അപകട മരണം- 1 ലക്ഷം രൂപ
2. മത്സ്യബന്ധനത്തിനിടയിൽ അപകടം മൂലം കാണാതാകൽ
(മത്സ്യത്തൊഴിലാളിക്ക് മാത്രം) - 1 ലക്ഷം രൂപ
3. മത്സ്യബന്ധനവേളയിൽ ഹൃദയാഘാതം മൂലം മരണം
(മത്സ്യത്തൊഴിലാളിക്ക് മാത്രം) - 1 ലക്ഷം രൂപ
4. മത്സ്യത്തൊഴിലാളികൾക്കും /അനുബന്ധ തൊഴിലാളികൾക്കും അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത - 1 ലക്ഷം രൂപ
5. മത്സ്യത്തൊഴിലാളികൾക്കും /അനുബന്ധ തൊഴിലാളികൾക്കും അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത - 50,000/- രൂപ . മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനിടയിൽ അപകടമരണം സംഭവിക്കുന്ന കുടുംബങ്ങൾക്കുള്ള ധനസഹായം 1.50 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.
6. മത്സ്യബന്ധനോപകരണങ്ങളായ വള്ളം, എഞ്ചിൻ, വല എന്നിവയുടെ സാരമായ കേടുപാടുകൾ സംഭവിക്കുമ്പോൾ ഇൻഷ്വറൻസ് സഹായം ലഭ്യമാക്കുന്നു. മത്സ്യഫെഡ് പ്രാഥമിക സഹകരണ സംഘ

ങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് ചുരുങ്ങിയ പ്രീമിയം നിരക്കിൽ മൂന്നു ലക്ഷം രൂപ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അപകടത്തിൽ 50% -ത്തിൽ കൂടുതൽ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 1,50,000/- രൂപയും ഈ ഇനത്തിൽ നൽകുന്നുണ്ട്.

സി) പ്രീമിയം ഇനത്തിൽ ഗുണഭോക്തൃ വിഹിതവും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

സി) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളേയും അനുബന്ധ തൊഴിലാളികളേയും ഇൻഷ്വർ ചെയ്യുന്നുണ്ട്. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50:50 നിരക്കിൽ സംയുക്ത സംരംഭമായി നടപ്പാക്കുന്ന പദ്ധതിയാണിത്. മത്സ്യ സുരക്ഷാ പദ്ധതി പ്രകാരം മത്സ്യബന്ധനോപകരണങ്ങളായ വള്ളം, എഞ്ചിൻ എന്നിവയുടെ നിർണ്ണയ വിലയുടെ 1.8% തുകയാണ് പ്രീമിയമായി അടക്കേണ്ടത്. പ്രീമിയം തുകയുടെ 75 % സംസ്ഥാന സർക്കാരും 25% തുക ഗുണഭോക്താക്കളുമാണ് അടയ്ക്കേണ്ടത്.

മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യബന്ധനോപകരണങ്ങൾക്ക് വിലയുടെ 4% ആണ് ഇൻഷ്വറൻസ് പ്രീമിയം തുക. എൻ.സി.ഡി.സി വഴി നൽകുന്ന വായ്പയിൻമേൽ ഇൻഷ്വറൻസ് തുകയുടെ പകുതി ഭാഗം ( വിലയുടെ 2%) സംസ്ഥാന സർക്കാർ വഹിക്കുന്ന പദ്ധതിയാണ് മത്സ്യഫെഡിൽ നിലവിലുള്ളത്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും വിഹിതം ഒന്നും മത്സ്യഫെഡിന് ലഭിക്കുന്നില്ല.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ-635 — 23/7/2009 -ൽ മറുപടിയ്ക്ക്.

### ജയിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം

**ചോദ്യം** — **ഉത്തരം**

ശ്രീമതി . പി. അയിഷാപോറ്റി :
ശ്രീ. സി.കെ. പി. പത്മനാഭൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ.വി. കുഞ്ഞിരാമൻ:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
(ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ) . പുതുതായി നിയമിക്കപ്പെടുന്ന ജയിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ). ഉണ്ട്. വാർഡർ തസ്തികയിൽ പുതിയതായി നിയമനം ലഭിക്കുന്നവർക്ക് തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിലും രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ജയിലർ മുതൽ സെൻട്രൽ ജയിൽ സൂപ്രണ്ട് വരെയുള്ള ജീവനക്കാർക്ക് തമിഴ് നാട്ടിലെ വെല്ലൂരിൽ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിലും പരിശീലനം നൽകിവരുന്നു . |
| (ബി). ജയിൽ ഉദ്യോഗസ്ഥർക്ക് നിർബന്ധിത പരീക്ഷകൾ നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി). ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി). ഏതെല്ലാം വിഭാഗം ജയിൽ ജീവനക്കാർക്കാണ് പരിശീലനം നൽകുന്നത്; | (സി). സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർ, വാർഡർ മുതൽ ചീഫ് വാർഡർ വരെയുള്ളവർ, ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്ന 50 വയസ്സിൽ താഴെയുള്ളവർ, നേരിട്ട് നിയമനം ലഭിക്കുന്നവർ എന്നിവർക്കാണ് പരിശീലനം നൽകുന്നത്. കൂടാതെ ജയിൽ ഉദ്യോഗസ്ഥരെ ബോധവത്കരിക്കുന്നതിനുവേണ്ടി കറക്ഷണൽ അഡ് മിനിസ് ട്രേഷൻ , ക്രിമിനോളജി, സൈക്കോളജി, ജുഡീഷ്യറി എന്നീ മേഖലകളിൽ പ്രഗത്ഭരായ വ്യക്തികളെ ഉൾപ്പെടുത്തി സംസ്ഥാനതല സെമിനാറുകളും മാറോ വർഷവും നടത്തിവരുന്നുണ്ട്. |
| (ഡി).തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ പാഠ്യ പദ്ധതിയിലും പരിശീലന പരിപാടികളിലും പരിഷ്ക്കാരം വരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി). കാലാകാലങ്ങളിൽ പാഠ്യപദ്ധതി പരിഷ്ക്കരിച്ചുവരുന്നു . |

സെക്ഷൻ ആഫീസർ.

# <u>അനുബന്ധം</u>

ജയിൽ ഉദ്യോഗസ്ഥർക്ക് അവരുടെ പ്രൊബേഷൻ കാലം വിജയകരമായി പൂർത്തിയാക്കണമെങ്കിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന താഴെപ്പറയുന്ന പരീക്ഷകൾ പാസ്സാകേണ്ടതുണ്ട്.

## <u>വാർഡർ</u>

**കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് ടെസ്റ്റ്**

പേപ്പർ 1– എ. ഹാന്റ് ബുക്ക് ഓഫ് പ്രിസണർ റൂൾസ് ആന്റ് കേരള സബ്ജയിൽ റൂൾസ്
പേപ്പർ 2–ടെസ്റ്റ് ഇൻ സ്ക്വാഡ് ആംസ് ആന്റ് ലാത്തി ഡ്രിൽ ആന്റ് റൈഫിൾ ഷൂട്ടിംഗ് (പ്രാക്ടിക്കൽ )

## <u>രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ജയിലർ മുതൽ മുകളിലേയ്ക്കുള്ള തസ്തികയിൽ നിയമനം ലഭിച്ചവർ</u>

**കേരള ജയിൽ ഓഫീസേഴ്സ് ടെസ്റ്റ്**

പേപ്പർ 1 –എ). ഇന്ത്യൻ പീനൽകോഡ്, ചാപ്റ്റർ 2,3,4,9 & സെക്ഷൻസ് 135,136,138,220 മുതൽ 225 (എ), 225 (ബി), 227.
(ബി). ക്രിമിനൽ പ്രൊസീഡിയർ കോഡ് 1973 (ആക്ട് 11 ഓഫ് 1974) ചാപ്റ്റേഴ്സ് I, II,III,VIII,XXV,XXXII & XXXIII.
(സി). ട്രാവൻകൂർ–കൊച്ചിൻ പ്രിസണേഴ്സ് ആക്ട് (XVIII ഓഫ് 1950 ) ആന്റ് കേരള പ്രിസണേഴ്സ് റൂൾസ്
(ഡി). ലൂണസി ആക്ട് (സെൻട്രൽ) (വിത്ത് ബുക്ക്സ്)
പേപ്പർ II – സോഷ്യോളജി, പീനോളജി ആന്റ് ക്രിമിനോളജി
പേപ്പർ III- ടെസ്റ്റ് ഇൻ സ്ക്വാഡ് ആന്റ് ആംസ് ഡ്രിൽ ഇൻക്ലൂഡിംഗ് റിവോൾവർ ആന്റ് റൈഫിൾ (പ്രാക്ടിക്കൽ )
പേപ്പർ IV- ഫസ്റ്റ് എയ്ഡ്, പേഴ്സണൽ ഹൈജീൻ ആന്റ് ജനറൽ സാനിട്ടേഷൻ

അക്കൗണ്ട്സ് ടെസ്റ്റ് ലോവർ– 4 പേപ്പർ

1. കേരള സർവ്വീസ് റൂൾസ് (വിത്ത് ബുക്ക്)
2. കേരള ഫിനാൻഷ്യൽ കോഡ് (Vol. I & II)
   കേരള ബഡ്ജറ്റ് മാന്വൽ (വിത്ത് ബുക്ക്)
3. ഇൻട്രൊഡക്ഷൻ ടു ഇൻഡ്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് (പാർട്ട് I & II (വിത്ത് ഔട്ട് ബുക്ക്) & കേരള അക്കൗണ്ട്സ് കോഡ് Vol. I (വിത്ത് ബുക്ക്)
4. കേരള ട്രഷറി കോഡ് (Vol. I ,II) & കേരള അക്കൗണ്ട്സ് കോഡ് Vol II (വിത്ത് ബുക്ക്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.636 23-7-2009- ൽ മറുപടിയ്ക്ക്

## മത്സ്യവിത്ത് ഉല്പാദനം

ചോദ്യം

ശ്രീ.കെ.കെ.ജയചന്ദ്രൻ :
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :
ശ്രീമതി.കെ.കെ.ലതിക :
ശ്രീ.പി.കൃഷ്ണപ്രസാദ് :
ശ്രീ.ബി.ഡി.ദേവസ്സി :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യകൃഷി കൂടുതൽ ജലാശയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് അനുസരിച്ച് മത്സ്യവിത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് കൂടുതൽ ജലാശയങ്ങളിലേയ്ക്ക് മത്സ്യ/ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിൻെറ ഭാഗമായി മത്സ്യ/ചെമ്മീൻ വിത്ത് ലഭ്യത ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. സർക്കാർ/മത്സ്യഫെഡ്/മത്സ്യകർഷക വികസന ഏജൻസി/അഡാക്ക് എന്നിവയുടെ അധീനതയിലുള്ള മത്സ്യ/ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങളിൽ പരമാവധി ഉല്പാദനം നടത്തുന്നതിനുവേണ്ട നവീകരണ പരിപാടികൾ നടപ്പാക്കി വരുന്നു. കൊല്ലം ജില്ലയിൽ ഒരു മത്സ്യവിത്തുല്പാദന കേന്ദ്രം പുതുതായി ആരംഭിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. മത്സ്യകർഷകർ/ഗ്രൂപ്പുകൾ/സൊസൈറ്റികൾ എന്നിവർക്ക് സാങ്കേതിക പരിജ്ഞാനം നൽകി മത്സ്യവിത്ത് പരിപാലന യൂണിറ്റുകൾ ആരംഭി |

| | |
|---|---|
| | ക്കുവാനും അതുവഴി ആവശ്യമുള്ള മത്സ്യവിത്ത് പ്രാദേശികതലത്തിൽതന്നെ ലഭ്യമാക്കാനും പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം മത്സ്യകർഷകരുടെ മേൽനോട്ടത്തിൽ പാലക്കാട്, തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ മത്സ്യവിത്തു പരിപാലന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) ഇപ്പോൾ എത്ര മത്സ്യവിത്ത് ഉല്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ പുനരുദ്ധാരണത്തിനായി നടപടി സ്വീകരിക്കുമോ ; | (ബി) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പ് നേരിട്ട് നടത്തുന്ന 9 മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ കുഞ്ഞുല്പാദന കേന്ദ്രങ്ങളും അഡാക്കിന്റെ അധീനതയിൽ ഒരു ചെമ്മീൻ വിത്തുല്പാദന കേന്ദ്രവും മത്സ്യഫെഡിന്റെ അധീനതിയിൽ 4 ചെമ്മീൻ/ആറ്റുകൊഞ്ച് വിത്തുല്പാദന കേന്ദ്രങ്ങളും ഉൾപ്പെടെ 14 കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുകയും നവീകരണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) മത്സ്യകേരളം പദ്ധതിക്ക് ആവശ്യമായ മത്സ്യവിത്ത് ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ ; | (സി) ഉണ്ട്. മത്സ്യകേരളം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 530 ലക്ഷം ഗുണമേന്മ ഉറപ്പാക്കിയ ചെമ്മീൻ കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്തു. ഇവയുടെ ലഭ്യത സമയത്തുതന്നെ ഉറപ്പാക്കാൻ കഴിഞ്ഞിരുന്നു. |

| | |
|---|---|
| | രണ്ടാംഘട്ടത്തിൽ ശുദ്ധജല മത്സ്യ/ആറ്റു കൊഞ്ചു കുഞ്ഞുങ്ങളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിനുള്ള നടപടിയും എടുത്തിട്ടുണ്ട്. അതുപ്രകാരം ഫിഷറീസ് വകുപ്പ് മത്സ്യകർഷക വികസന ഏജൻസി/ മത്സ്യഫെഡ്/അഡാക്ക് എന്നിവയ്ക്കുകീഴിലുള്ള മത്സ്യ/ആറ്റുകൊഞ്ചു വിത്തുല്പാദന കേന്ദ്രങ്ങളിൽ ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മത്സ്യകർഷകരുടെ നേതൃത്വത്തിൽ മത്സ്യവിത്ത് പരിപാലന യൂണിറ്റുകൾ ആരംഭിച്ച് മത്സ്യവിത്തുല്പാദനം പ്രാദേശികതലത്തിൽ നടത്തുന്നതിനും അവരിൽനിന്നും മത്സ്യവിത്ത് സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ മത്സ്യവിത്തുല്പാദനകേന്ദ്രങ്ങളിൽനിന്നും ഗുണമേന്മ ഉറപ്പുവരുത്തി വിത്തു ലഭ്യത ഉറപ്പാക്കുന്നതിനും അഡാക്ക് വഴി നടപടിയെടുത്തിട്ടുണ്ട്. |
| (ഡി) കുറഞ്ഞ നിരക്കിൽ ആവശ്യാനുസരണം മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (ഡി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയനുസരിച്ചാണ് മത്സ്യകർഷകരിൽനിന്ന് മത്സ്യവിത്ത് വാങ്ങി മത്സ്യകേരളം പദ്ധതിക്ക് ലഭ്യമാക്കുന്നത്. പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകർക്ക് ഇവ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 637

23-07-2009 ൽ മറുപടിക്ക്

## സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി.<br>ശ്രീമതി. കെ. എസ്. സലീഖ.<br>ശ്രീ. സാജു പോൾ.<br>,, ജോർജ് എം. തോമസ്.<br>,, ടി.പി. കുഞ്ഞുണ്ണി. | ശ്രീ. എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി). |
| (എ) കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കിയ ശേഷം സബ് - രജിസ്ട്രാർ ആഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാര്യക്ഷമതയിൽ എന്തുമാത്രം പുരോഗതിയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കമ്പ്യൂട്ടർവൽക്കരണ പദ്ധതിയും ഡിജിറ്റൽ ഇമേജ് പ്രിന്റർ പദ്ധതിയും പൂർത്തിയാക്കിയതിന് ശേഷം രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയതിൽ നിന്നും കാര്യക്ഷമത ഇരട്ടിയായി വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പ്രത്യേകിച്ചും ബാദ്ധ്യതാസർട്ടിഫിക്കറ്റ് ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പി എന്നീ സേവനങ്ങൾക്കുണ്ടായിരുന്ന കാലതാമസം ഇല്ലാതാക്കാൻ കഴിഞ്ഞതാണ് പ്രധാനനേട്ടം. |
| (ബി) വസ്തു വിലകുറച്ച് കാണിച്ചതുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസ്സുകളുണ്ട് ; | (ബി) നിലവിൽ 30-06-2009 വരെ 20,16,151 കേസ്സുകൾ അണ്ടർവാല്വേഷൻ നടപടിക്കായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഈ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) 2009-10-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കുടിശിക അണ്ടർവാല്വേഷൻ കേസുകൾ തീർപ്പാക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതിൻപ്രകാരം 27-03-2009-ലെ G.O.(P) No.57/2009/TD നമ്പർ ഉത്തരവു മുഖേന, 01-04-2009 മുതൽ 30-09-2009 വരെ കാലയളവിനുള്ളിൽ, 1986 മുതൽ |

തീർപ്പാവാതെ ശേഷിച്ചിരുന്ന ഇരുപത് ലക്ഷത്തിൽപ്പരം അണ്ടർ വാല്വേഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 31-03-2009 വരെയുള്ള അണ്ടർ വാല്വേഷൻ കേസുകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) എങ്കിൽ ഇത് എത്രമാത്രം ഫലപ്രദമായി എന്ന് വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനത്തൊട്ടാകെ 01-04-2009 മുതൽ 10-07-2009 വരെ 15256 കേസുകൾ തീർപ്പാക്കിയതിലൂടെ 3,47,41,242/- (മൂന്നുകോടി നാല്പത്തേഴു ലക്ഷത്തിനാല്പത്തൊന്നായിരത്തി ഇരുന്നൂറ്റിനാല്പത്തിരണ്ട്) രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. പദ്ധതി ഫലപ്രദമാണെന്ന് ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിലയിരുത്തിയതിൽ നിന്നും വ്യക്തമാകുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

[illegible] സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 635

25.07.2008-ൽ മറുപടിക്ക്

<u>ഓഷ്യനേറിയം, മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷൻ, മറൈൻ തീം പാർക്ക്, മ്യൂസിയം എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. എം.എം. മോനായി | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കൊച്ചിയിൽ ലോകോത്തര നിലവാരത്തിൽ ഓഷ്യനേറിയം, മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷൻ, മറൈൻ തീം പാർക്ക്, മറൈൻ മ്യൂസിയം എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | എ) കൊച്ചിയിൽ ഒരു മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും ഓഷ്യനേറിയവും സർക്കാരിന്റേയും, സ്വകാര്യ വ്യക്തികളുടേയും പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി യെ ബിഡ് മാനേജരായി നിയമിക്കുകയും പുതുവൈപ്പിനിൽ, റവന്യൂ വകുപ്പിന്റെ ഉടമസ്ഥാവകാശത്തിലുള്ള 50 ഏക്കർ സ്ഥലം, ഫിഷറീസ് വകുപ്പിലേക്ക് കൈമാറ്റം ചെയ്യുകയും ഉണ്ടായി. ഇതിൽ 10 ഏക്കർ സ്ഥലത്ത് സെന്റർ ഫോർ മറൈൻ ലിവിംഗ് റിസ്സോഴ്സസ് ആന്റ് ഇക്കോളജി (സി.എം.എൽ.ആർ.ഇ) യുടെ ആഫീസും റിസർച്ച് സ്റ്റേഷനും, 40 ഏക്കറിൽ ഓഷ്യനേറിയവും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഓഷ്യനേറിയത്തിന്റേയും അനുബന്ധ സ്ഥാപനങ്ങളുടേയും നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള ലാന്റ് റിക്ലമേഷൻ പണികൾ ആരംഭിച്ചിട്ടുണ്ട്. ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ആഗോള ടെണ്ടർ ക്ഷണിച്ചതിൽ 14 ടെണ്ടറുകൾ ലഭിച്ചു. അവ പരിശോധിച്ച് അനുയോജ്യമായവ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ സാങ്കേതികവും സാമ്പത്തികവുമായ സഹായം പദ്ധതിയ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി ഒരു സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഭൗമശാസ്ത്ര പഠന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| സി) കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു; | സി) 100 കോടി രൂപ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ഡി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; പദ്ധതി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ 2008 ൽ തുടങ്ങി. പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Girija Kumari

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 639 — 23. 7. 2009-ൽ മറുപടിക്ക്

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്ന പദ്ധതിക്ക് ഫിഷറീസ് വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ ആയതിലേക്ക് തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ടോ; | ബി) തീരദേശ വികസന ഏജൻസി (സി.ഡി.എ) മുഖേന നടപ്പിലാക്കുന്ന ആഴക്കടൽ മത്സ്യബന്ധന പദ്ധതി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിനും മത്സ്യം കേടുകൂടാതെ ഗുണനിലവാരം നിലനിർത്തി കരയിലെത്തിക്കുന്നതിനും പരിശീലനം നൽകുന്നതിനും മത്സ്യബന്ധന ഉപകരണം, കടൽ സുരക്ഷാ ഉപകരണങ്ങൾ എന്നിവ നൽകുന്നതിനും വേണ്ടിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് മത്സ്യബന്ധന പരിശീലനം നൽകുന്നതിനായി വെസ്റ്റിൻഡീസിലെ ഗ്രെനേഡയിൽ നിന്നുള്ള ഒരു സാങ്കേതിക വിദഗ്ദ്ധന്റെയും ഒരു മാസ്റ്റർ ഫിഷർമാന്റെയും സേവനം പ്രയോജനപ്പെടുത്തി 150 മുതൽ 175 വരെ എണ്ണം ചൂണ്ടകൾ കൈകൊണ്ടു പ്രവർത്തിപ്പിക്കാവുന്നതും പരമ്പരാഗത വള്ളങ്ങളിൽ ഉറപ്പിക്കാവുന്നതുമായ രണ്ടു റീലുകളിൽ ചുറ്റി മികവുറ്റ മത്സ്യബന്ധന ഉപകരണം നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യ പരിചയപ്പെടുത്തുകയും പിടിച്ചെടുക്കുന്ന മത്സ്യം കടലിൽവച്ചുതന്നെ വൃത്തിയാക്കുന്നതിലും ജെൽ ഐസ് പാഡുകൾ ഉപയോഗിച്ച് സൂക്ഷിക്കുന്നതിലും തീവ്ര പരിശീലനം നൽകുകയുമുണ്ടായി. മാത്രമല്ല കടൽ സുരക്ഷയ്ക്കുവേണ്ട സംവിധാനങ്ങൾ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്തു. തിരുവനന്തപുരം പൂന്തുറയിലെ തെരഞ്ഞെടുക്കപ്പെട്ട 5 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് (20 പേർ) നൂതനരീതി ഉപയോഗിച്ച് മാസ്റ്റർ ഫിഷർമാന്റെ നേതൃത്വത്തിൽ മത്സ്യബന്ധന പരിശീലനം നൽകുകയുണ്ടായി. |
| സി) ഇതിനാവശ്യമായ ഫൈബർ വഞ്ചികളിൽ യന്ത്രം ഘടിപ്പിച്ച് നൽകുന്നത് ആരാണ്. | സി) ഫൈബർ വഞ്ചികളിൽ യന്ത്രം സ്വയം ഘടിപ്പിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

Girija Kumari
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.640 — 23-7-2009-ന് മറുപടിക്ക്

### ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി..കെ.പി.പത്മനാഭൻ<br>ശ്രീ. ബി.രാഘവൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എം.എം.മോനായി<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ) ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ; | എ) സംയോജിത ഭവന നിർമ്മാണ ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി) സംസ്ഥാനത്തെ 35 നഗരസഭകളിലാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. നഗര ചേരികളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം രണ്ട് നഗരസഭകളുടെ രണ്ടാം ഘട്ട (ഐ.എച്ച്.എസ്.ഡി.പി) പദ്ധതി അടക്കം 188.22 കോടി രൂപയുടെ 37 പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 108.38 കോടി രൂപ ചേരി നിവാസികളുടെ ഭവന നിർമ്മാണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും 79.84 കോടി രൂപ ചേരികളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമാണ് വകയിരുത്തപ്പെട്ടിട്ടുള്ളത്. ചേരിയിൽ റോഡുകൾ, നടപ്പാതകൾ, ഡ്രെയിനേജ്, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതീകരണം, ഖരമാലിന്യ സംസ്കരണ സംവിധാനം, അംഗൻവാടികൾ, സാമൂഹ്യ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നീ ഘടകങ്ങൾ അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. |

(... 2 ...)

ബി) **പദ്ധതിക്കായി കേന്ദ്രസർക്കാർ** മൊത്തം ചെലവിന്റെ **എത്ര** ശതമാനം **വഹിക്കുമെന്ന്** വെളിപ്പെടുത്തുമോ;

ബി) **ആകെ പദ്ധതി തുകയുടെ 80%** തുകയാണ് **കേന്ദ്ര സർക്കാർ വഹി**ക്കുന്നത്.

സി) ഇതുവരെ ഏതെല്ലാം നഗര സഭകളുടെ എത്രകോടി രൂപയുള്ള പ്രോജക്ടുകൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്നും ഇവയുടെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കുമോ;

സി) ഓരോ നഗരസഭയ്ക്കും അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതി തുക സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. 37 നഗരസഭകളിലായി ആകെ അനുവദിക്കപ്പെട്ടിട്ടുള്ള 10808 പുതിയ വീടുകളിൽ 3316 എണ്ണം ആരംഭിക്കുന്നതിനും ഇതിൽ 1601 എണ്ണം പൂർത്തിയാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണത്തിൽ ആകെ അനുവദിക്കപ്പെട്ട 4420 വീടുകളിൽ 2299 എണ്ണത്തിന്റെ പണി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ചേരികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി . അനുവദിക്കപ്പെട്ടിട്ടുള്ള 1038 പ്രവൃത്തികളിൽ 484 എണ്ണം ആരംഭിക്കുന്നതിനും 277 എണ്ണം പൂർത്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആകെ 41.30 കോടി രൂപയാണ് ഫണ്ട് അനുവദിക്കപ്പെട്ടിട്ടുള്ള 28 നഗരസഭകളിലായി പദ്ധതി പ്രവർത്തനത്തിന് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ഈ 28 നഗരസഭകളുടെ, നഗരസഭ തിരിച്ചുള്ള ഭൗതിക പുരോഗതി അനുബന്ധം 2-ലും സാമ്പത്തിക പുരോഗതി അനുബന്ധം 3-ലും ചേർത്തിരിക്കുന്നു. ആദ്യ ഗഡുവിന്റെ 70 ശതമാനത്തിലധികം തുക വിനിയോഗിച്ചു കഴിഞ്ഞ പതിനൊന്ന് നഗരസഭകൾക്ക് രണ്ടാം ഗഡു കേന്ദ്ര വിഹിതം നേടിയെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(... 3 ...)

| | | |
|---|---|---|
| ഡി) | പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഡി) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>▪ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതം കണ്ടെത്തുന്നതിന് അയൽക്കൂട്ട വായ്പ, ബാങ്ക് വായ്പ എന്നിവ ലഭ്യമാക്കുന്നതിന് നഗരസഭാ സി.ഡി. എസ്സുകൾ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.<br>▪ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നഗരസഭകളെ സഹായിക്കുന്നതിന് സി.ഡി.എസ്സിന്റെ പിന്തുണയും നേതൃത്വവും ഉറപ്പു വരുത്തുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>▪ ഭവന നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിന് പ്രത്യേക പരിശോധനാ സംവിധാനം നഗരസഭാ തലത്തിൽ സജ്ജമാക്കിയിട്ടുണ്ട്. നാല് ഘട്ടങ്ങളായാണ് ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുന്നത്. ആദ്യ ഘട്ടത്തിൽ സി.ഡി.എസ്/എ.ഡി.എസ് തല പരിശോധനയും മറ്റു മൂന്ന് ഘട്ടങ്ങളിൽ സി.ഡി.എസ്/എ.ഡി.എസ് ന്റെയും നഗരസഭ നിശ്ചയിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെയും നേതൃത്വത്തിൽ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നുണ്ട്.<br>▪ ഭവന നിർമ്മാണത്തിൽ പാഴ്ച്ചെലവ് ഒഴിവാക്കുന്നതിനും ചെലവു കുറഞ്ഞ സാങ്കേതിക രീതികൾ പ്രയോജനപ്പെടുത്തുന്നതിനും ഗുണഭോക്താക്കൾക്ക് സഹായകരമായ രീതിയിൽ ഓരോ തരം |

ഭൂമിക്കും അനുയോജ്യമായ പ്ലാനുകളും എസ്റ്റിമേറ്റും ഉൾക്കൊള്ളിച്ചുകൊണ്ട് ലളിതമായ ഭാഷയിൽ ഒരു ഭവന നിർമ്മാണ സാങ്കേതിക സഹായി കുടുംബശ്രീ തയ്യാറാക്കി നൽകിയിട്ടുണ്ട്.

- പദ്ധതിയുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പു വരുത്തുന്നതിന് നഗരസഭാ ചെയർമെൻസ് ചേംബറിന്റെ സഹകരണത്തോടെ പ്രത്യേക അവലോകന യോഗങ്ങളും കർമ്മ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ-- പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.641 23-7-2009- ൽ മറുപടിയ്ക്ക്

**ആഗോള സാമ്പത്തികമാന്ദ്യവും മത്സ്യോല്പന്ന കയറ്റുമതിയും**

ചോദ്യം | മറുപടി

ശ്രീ.എ.സി.മൊയ്തീൻ :
ശ്രീ.എം.പ്രകാശൻ മാസ്റ്റർ :
ശ്രീ.ബി.ഡി.ദേവസ്സി :
ശ്രീ.സി.എച്ച്.ദിനേശ് മണി :
ശ്രീ.ബാബു.എം.പാലിശ്ശേരി :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ആഗോള സാമ്പത്തികമാന്ദ്യം മൂലം സംസ്ഥാനത്തുനിന്നുള്ള മത്സ്യോല്പന്ന കയറ്റുമതിയിൽ എത്ര ശതമാനം കുറവുണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) ആഗോള സാമ്പത്തികമാന്ദ്യംമൂലം സംസ്ഥാനത്തുനിന്നുള്ള മത്സ്യോല്പന്ന കയറ്റുമതിയിൽ കുറവുണ്ടായിട്ടില്ല. 2007-08 -നെ അപേക്ഷിച്ച് 2008-09 - ൽ കേരളത്തിൽനിന്നുള്ള സമുദ്രോല്പന്ന കയറ്റുമതിയുടെ അളവിൽ 0.49 ശതമാനവും വിലയിൽ 9.74 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതുമൂലം മത്സ്യത്തൊഴിലാളി മേഖലയിൽ തൊഴിൽ നഷ്ടം ഉണ്ടായിട്ടുണ്ടോ ? | (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 642

23-07-2009 ൽ
മറുപടിയ്ക്ക്

'ലോഗിൻ ഡോട്ട് കേരള' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. കെ.കെ. ദിവാകരൻ:<br>ശ്രീ. കെ.ടി.ജലീൽ:<br>ശ്രീ. മഞ്ഞളാംകുഴി അലി : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം വകുപ്പ് ആവിഷ്കരിച്ച 'ലോഗിൻ ഡോട്ട് കേരള' പദ്ധതിയുടെ വിശദാംശം നൽകുമോ ; | എ) ടൂറിസം വകുപ്പ് ആവിഷ്കരിച്ച 'ലോഗിൻ ഡോട്ട് കേരള' പദ്ധതി, ഡിജിറ്റൽ വിപണനത്തിന് മുൻതൂക്കം നൽകിക്കൊണ്ട്, 'വിസിറ്റ് കേരളാ ഇയർ 2009' ന്റെ ഭാഗമായ സുപ്രധാന പദ്ധതികളിലൊന്നാണ്. ടൂറിസം വ്യവസായത്തെ ലക്ഷ്യമാക്കിയുള്ള വെബ് അധിഷ്ഠിത പദ്ധതികളാണ് ലോഗിൻ ഡോട്ട് കേരളയിലൂടെ അവതരിപ്പിക്കുന്നത്. ഉപയോക്താക്കൾക്ക് സൗകര്യ പ്രദമായ ഇന്റർഫേസുകളും ഡാറ്റാബേസുകളും പേമെന്റ് ഗേറ്റ്വേകളുമായി കേരളാ ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിന് ഇതോടെ സമൂലമായ ഒരു പരിഷ്കരണമാണ് ഉണ്ടായിരിക്കുന്നത്. ഇതോടെ വിജ്ഞാനാധിഷ്ഠിതമായിരുന്ന ടൂറിസം വെബ്സൈറ്റ് ഇനി മുതൽ വാണിജ്യ ഇടപാടുകൾക്കുകൂടി പര്യാപ്തമാവുകയാണ്. ഇത്തരമൊരു ഡിജിറ്റൽ പദ്ധതിക്ക് തുടക്കം കുറിക്കുന്ന രാജ്യത്തെ തന്നെ ആദ്യത്തെ സംസ്ഥാന ടൂറിസം വെബ്സൈറ്റ് എന്ന ഖ്യാതി കേരളാ ടൂറിസം വെബ്സൈറ്റ് നേടിക്കഴിഞ്ഞു. സഞ്ചാരികൾക്ക് വേണ്ടിയും ടൂറിസം പ്രചാരണ പ്രോത്സാഹനാർത്ഥവുമുള്ള പത്തോളം പദ്ധതികളുടെ ഒരു ശ്രേണിയാണ് ലോഗിൻ ഡോട്ട് കേരള. ഇതിൽ സഞ്ചാരികൾക്കായി താഴെ പറയുന്ന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>1) ട്രാവൽ ബ്ളോഗ്/ യുവർ വ്യൂസ്:<br>കേരളം സന്ദർശിച്ചവരുടെ ബ്ളോഗ് പോസ്റ്റുകൾ |

സമാഹരിച്ച്, സമഗ്രവും സത്യസന്ധവുമായ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കേരളാ ടൂറിസം വികസിപ്പിച്ചെടുത്ത ബ്ലോഗ് അഗ്രിഗേറ്റർ ആണ് ഒരു ഘടകം

2) മൊബൈൽ വാപ്സൈറ്റ്

കേരളാ ടൂറിസത്തിന്റെ പ്രചാരണ പരിപാടികളിലും മറ്റു പ്രോത്സാഹന പരിപാടികളിലും അണിചേരുവാൻ താൽപര്യമുള്ള മൊബൈൽ ഉപഭോക്താക്കളുടെ ഒരു സമൂഹം രൂപപ്പെടുത്തുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിയാണിത്.

3) ഓൺലൈൻ ഹോട്ടൽ ഫൈൻഡർ

ടൂറിസം വ്യവസായ രംഗത്ത് സഞ്ചാരികൾക്കായി താമസസൗകര്യമൊരുക്കുന്ന 4000-ൽപരം സ്ഥാപന ങ്ങളുടെ സമഗ്ര വിവരങ്ങളാണ് ഈ പദ്ധതിയിൽ കേരളാ ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തി യിരിക്കുന്നത്. ഇതിലൂടെ ലോകത്തിന്റെ ഏതൊരു കോണിൽനിന്നും കേരളം സന്ദർശിക്കാനെത്തുന്ന സഞ്ചാരിക്ക് തന്റെ താൽപര്യത്തിനനുസരിച്ച് താമസം എളുപ്പത്തിലും നേരത്തേയും നിശ്ചയിക്കാനാവും.

4) ഓൺലൈൻ റൂം റിസർവേഷൻ

ഇന്റർനെറ്റിന്റെ അനന്ത സാധ്യതകൾ ലോകമെമ്പാടു മുള്ള ടൂറിസം വ്യവസായത്തെ മാറ്റിമറിക്കുമ്പോൾ അതിനനുസരിച്ചുള്ള കേരളാ ടൂറിസത്തിന്റെ ഒരു ചുവടുവയ്പാണ് ഓൺലൈൻ റൂം റിസർവേഷൻ. നിലവിൽ വൻകിട ഹോട്ടലുകളും ചെയിൻ ഹോട്ടലുകളും മാത്രമാണ് ഈ സാധ്യത പ്രയോജനപ്പെടുത്തുന്നത് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ചെറുതും ഇടത്തരക്കാരുമായ സ്ഥാപന ഉടമകൾക്ക് പുത്തൻ വിപണികൾ കണ്ടെത്തുവാൻ സഹായിക്കുന്നതിനായി കേരളാ ടൂറിസം ഒരുക്കിയ പദ്ധതിയാണിത്. സ്ഥാപന ഉടമകളിൽനിന്നും നാമമാത്രമായ ഒരു നിരക്ക് മാത്രമാണ് ഇതിനായി ഈടാക്കുന്നത്. ഇതിൽ അണിചേരുവാൻ, സന്നദ്ധരായി വന്ന ആയിരത്തോളം സ്ഥാപന ഉടമകളിൽ, നൂറിലധികം സ്ഥാപനങ്ങൾ പേമെന്റ് സംവിധാനമുൾപ്പെടെയുള്ള സൗകര്യ

ങ്ങളൊരുക്കി ഇതിനകം തങ്ങളുടെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ സജ്ജമായിക്കഴിഞ്ഞു.

5) <u>സി-ഫോമുകളുടെ സബ്മിഷൻ</u>

അതിഥി കേന്ദ്രങ്ങളിൽ എത്തുന്ന വിദേശ ടൂറിസ്റ്റുകളെ സംബന്ധിക്കുന്ന വിവരങ്ങൾ നിലവിൽ നിർദ്ദിഷ്ട ഫാറത്തിൽ പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് എത്തിക്കുന്നതിന് പകരമായി, ഈ വിവരങ്ങൾ ടൂറിസം വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ളതാണ് പുതിയ സംവിധാനം. ഇത് ടൂറിസം വകുപ്പിനും ആഭ്യന്തര വകുപ്പിനും ഒരു പോലെ ഗുണം ചെയ്യുന്ന സാങ്കേതിക തികവാർന്ന ഒരു സംവിധാനമാണ്.

6) <u>ഓൺലൈൻ ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ</u>

ട്രാവൽ, ടൂർ ഓപ്പറേറ്റർമാർക്ക് ഓൺലൈനായി അക്രഡിറ്റേഷൻ നൽകുന്നതിനുള്ള ഒരു സംവിധാനമാണിത്. ഇത് അക്രഡിറ്റേഷൻ പ്രക്രിയ ലളിതവും വേഗതയുള്ളതുമാക്കി മാറ്റും.

7) <u>ടൂറിസ്റ്റുകളുടെ വരവ് സംബന്ധിച്ച ഇ-സബ്മിഷൻ</u>

ടൂറിസ്റ്റുകളുടെ വരവ് സംബന്ധിച്ച ഏറ്റവും പുതിയ കണക്കുകൾ ടൂറിസം പ്ളാനിംഗിനും പുതിയ ടൂറിസം വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും അത്യന്താപേക്ഷിതമായതിനാൽ, ഈ വിവരങ്ങൾ കാല വിളംബം കൂടാതെ എന്നാൽ കൂടുതൽ കൃത്യതയോടെ ശേഖരിക്കുന്നതിനുള്ള ഒരു ഓൺലൈൻ സംവിധാനമാണിത്. ഇതിനായി രജിസ്റ്റർ ചെയ്ത 4000- ഓളം വരുന്ന സ്ഥാപനങ്ങൾക്ക് കേരളാ ടൂറിസത്തിന്റെ വെബ്സൈറ്റിലൂടെ ഈ വിവരങ്ങൾ സമർപ്പിക്കുവാൻ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം യൂസർ നെയിമും പാസ്സ്വേർഡും നല്കിക്കഴിഞ്ഞു. വിവര ശേഖരത്തിൽ ഇനിയും ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് അതിനുള്ള സൗകര്യവും സൈറ്റിൽ ഒരുക്കിയിട്ടുണ്ട്.

| | | |
|---|---|---|
| | | പ്രചാരണ പ്രോത്സാഹനാർഹമുള്ള വിവരശേഖരം<br>8) <u>ഓൺലൈൻ ബ്രോഷർ ഡൗൺലോഡ്</u><br>സഞ്ചാരികൾക്കും ടൂർ ഓപ്പറേറ്റർമാർക്കും കേരളത്തെക്കുറിച്ചുള്ള ബ്രോഷറുകൾ ലഭ്യമാക്കാൻ കേരളാ ടൂറിസം ഡിജിറ്റൽ ബ്രോഷറുകൾക്ക് രൂപം നൽകി സൈറ്റിൽ നൽകിയിരിക്കുന്നു. ഇത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യമാണ് ഇതിലൂടെ ലഭ്യമാക്കുന്നത്.<br>9) <u>റോയൽറ്റിയില്ലാത്ത വീഡിയോ ക്ളിപ്പുകൾ ഡി.വി.ഡിയിൽ</u><br>കേരളത്തേയും ആയുർവ്വേദത്തേയും കുറിച്ചുള്ള ഉന്നത നിലവാരം പുലർത്തുന്ന ചിത്രങ്ങളും റോയൽറ്റി രഹിത വീഡിയോ ക്ളിപ്പുകളും, ടൂറിസം വ്യവസായത്തിലെ പ്രചാരണ പരിപാടികൾക്ക് മറ്റു ചെലവുകളില്ലാതെ ലഭ്യമാക്കുന്നതിനുള്ള സംവിധാനമാണിത്.<br>10) <u>ഓൺലൈൻ വീഡിയോ ഷെയറിംഗ്</u><br>കേരളാ ടൂറിസവും പ്രമുഖ വീഡിയോ ഷെയറിംഗ് സൈറ്റായ യൂ-ട്യൂബും ചേർന്ന് കേരളത്തെ രാജ്യാന്തര തലത്തിൽ അവതരിപ്പിക്കുന്നതിനായി ഒരുക്കിയ പദ്ധതിയാണിത്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ആദ്യത്തെ 12 മാസങ്ങളിൽ 1.2 ദശലക്ഷം പേരാണ് ഇത് കണ്ടത്. |
| ബി) | വിനോദസഞ്ചാരികളേയും വ്യവസായികളെയും ആകർഷിക്കാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ; | ബി) ലോഗിൻ ഡോട്ട് കേരളയിലെ ഓരോ ഘടക പദ്ധതിയും അത് ലക്ഷ്യമിടുന്ന സമൂഹത്തിന് വളരെയധികം പ്രയോജനപ്രദമായവയാണ്. കൂടാതെ ഇത് ഇന്റർനെറ്റ് അധിഷ്ഠിതമായതിനാൽ ചെലവും ഗണ്യമായി കുറയ്ക്കാൻ കഴിയും. ലോകമെമ്പാടുമുള്ള കോടിക്കണക്കിന് ഇന്റർനെറ്റ് ഉപഭോക്താക്കളേയും ഇന്ത്യയിലെ ദശലക്ഷക്കണക്കിന് മൊബൈൽ ഫോൺ ഉപഭോക്താക്കളേയും കേരളത്തിലേക്കാകർഷിക്കാൻ ഈ സംവിധാനങ്ങൾ പ്രയോജനപ്പെടും. ഓൺലൈൻ ഹോട്ടൽ ഫൈൻഡറും ഓൺലൈൻ ഹോട്ടൽ |

റിസർവേഷനുമെല്ലാം സഞ്ചാരികൾക്ക് താമസ സൗകര്യങ്ങളെക്കുറിച്ചുളള വിവരങ്ങൾ പെട്ടെന്ന് ലഭ്യമാക്കുവാനും അത് മുൻകൂട്ടി ഉറപ്പിക്കുന്നതിനും വളരെയധികം സഹായകമായിട്ടുളളതാണ്. വ്യവസായികളെ സംബന്ധിച്ചിടത്തോളം, അവരുടെ സ്ഥാപനങ്ങൾക്ക് യാതൊരുതരത്തിലുളള ചെലവുകളില്ലാതെ ലഭിക്കുന്ന ഒരു വലിയ പ്രചാരണോപാധി കൂടിയാണിത്. കൂടാതെ സി-ഫോമിന്റെ ഇ-സബ്മിഷൻ മുതലായവ വ്യവസായികളുടെ ജോലിഭാരം ഗണ്യമായി കുറയ്ക്കുന്ന തരത്തിലുളളവയാണ്.

| | |
|---|---|
| സി) ടൂറിസവുമായി ബന്ധപ്പെട്ട് എന്തെല്ലാം വിവരങ്ങളാണ് ഓൺലൈനിൽ ലഭ്യമാവുന്നത്; | സി) ടൂറിസവുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഹോട്ടലുകൾ, ഹോംസ്റ്റേകൾ, ആയുർവേദ കേന്ദ്രങ്ങൾ, മറ്റു താമസ സൗകര്യങ്ങൾ ഇവയെക്കുറിച്ചുളള വിവരങ്ങൾ, ഇത്തരം സ്ഥാപനങ്ങളിൽ ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തിയവയിൽ മുൻകൂട്ടി മുറികൾ ബുക്കുചെയ്യുന്നതിനുളള സൗകര്യം, കേരളവുമായി ബന്ധപ്പെട്ട പരസ്യ ചിത്രങ്ങൾ, ബ്രോഷറുകൾ, കേരളീയ സംസ്കാരം, കല, ഉത്സവങ്ങൾ, കേരളീയ ഭക്ഷണരീതികൾ, കേരളത്തിലെത്തുന്ന സഞ്ചാരികൾ അറിയേണ്ട കാര്യങ്ങൾ മുതലായവയും കേരളത്തിലെ ടൂറിസം വ്യവസായികൾക്ക് സി-ഫോം സമർപ്പണം, വകുപ്പിൽ നിന്നുമുളള അറിയിപ്പുകൾ മുതലായവ ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാണ്. |
| ഡി) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ മറ്റ് എന്തെല്ലാം പരിപാടികളാണ് ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുളളത് എന്ന് വിശദമാക്കുമോ? | ഡി) വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് നിരവധി പരിപാടികൾ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഇതിൽ പ്രധാനപ്പെട്ടവയാണ് സ്വീഡൻ, ഡെൻമാർക്ക്, സ്പെയിൻ, ബെൽജിയം, സ്വിറ്റ്സർലാന്റ്, ഹോളണ്ട്, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ വിദേശരാഷ്ട്രങ്ങളിൽ നടത്തുവാൻ ഉദ്ദേശിച്ചിട്ടുളള പാർട്ണർഷിപ്പ് മീറ്റുകൾ. കൂടാതെ താഴെ പറയുന്ന അന്താരാഷ്ട്രമേളകളിൽ സജീവമായി പങ്കെടുത്ത് |

പ്രചരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

1. Topresa - Paris
2. Otdykh Leisure
3. WTM -London
4. Fitur- Spain
5. Bit -Milan, Italy
6. ITB - Berlin
7. TUR - Gothenberg, Sweden
8. TTG Incontri -Italy

ഗൾഫ് മേഖലയിൽ നിന്നുള്ള ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി റിയാദ്, ജിദ്ദ, അബുദാബി, മസ്ക്കറ്റ്, കുവൈറ്റ്, ദോഹ എന്നിവിടങ്ങളിൽ കൂടി അടുത്തവർഷത്തിനു മുൻപായി പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുവാൻ ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ കേരളത്തിലേയ്ക്കുവരുന്ന വിനോദ സഞ്ചാരികൾക്ക് വിമാന യാത്രാ നിരക്കിൽ ഇളവ് ലഭിക്കുന്നതിനായി ടൂറിസം വകുപ്പ് ജെറ്റ് എയർവേയ്സുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'Jet 2 Kerala' . ഇതു പ്രകാരം ജെറ്റ് എയർവേയ്സിന്റെ കേരളത്തിലേക്കുള്ള എല്ലാ വിമാനങ്ങളിലും 20 സീറ്റുകൾ വീതം കുറഞ്ഞ ടിക്കറ്റുനിരക്കിൽ ടൂറിസ്റ്റുകൾക്കായി നീക്കി വച്ചിട്ടുണ്ട്.

Sd/-
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 643

23.07.2009-ൽ മറുപടിക്ക്

## മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. എം. ഹംസ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്; | എ) മത്സ്യഫെഡ് മുഖേന താഴെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. സംയോജിത മത്സ്യവികസന പദ്ധതി<br>2. നാടൻ വള്ളങ്ങളുടെ നവീകരണം<br>3. മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം<br>4. ബാങ്ക് വായ്പാ സബ്സിഡി പദ്ധതി<br>5. ദേശീയ പിന്നോക്ക വിഭാഗ/ന്യൂനപക്ഷ വിഭാഗ ധനകാര്യ കോർപ്പറേഷനുകളുടെ വായ്പാ പദ്ധതികൾ<br>6. എസ്.ജി.എസ്.വൈ പദ്ധതി<br>7. മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി<br>8. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി<br>9. സുനാമി അടിയന്തിര സഹായ പദ്ധതി<br>10. സുനാമി പുനരധിവാസ പദ്ധതി<br>11. മൈക്രോഫൈനാൻസ് പദ്ധതി<br>12. മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശ രഹിത വായ്പാ പദ്ധതി.<br>13. ജലകൃഷി വികസന പദ്ധതി<br>14. മൂല്യവർദ്ധിത മത്സ്യവിപണന സൗകര്യം<br>15. ആഴക്കടൽ മത്സ്യബന്ധനം<br>16. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതികൾ |
| ബി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) ഉണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിന് മത്സ്യഫെഡ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയുള്ള ടേം ലോൺ, മൈക്രോഫൈനാൻസ് വായ്പാ പദ്ധതികൾ<br>2. മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശ രഹിത വായ്പാ പദ്ധതി.<br>3. സ്വർണ്ണജയന്തി സ്വരോസ്ഗാർ യോജന പദ്ധതികൾ<br>4. സുനാമി അടിയന്തിര സഹായ പദ്ധതി |

5. സുനാമി പുനരധിവാസ പദ്ധതി
6. മൂല്യവർദ്ധിത മത്സ്യവിപണന സൗകര്യം
7. ആഴക്കടൽ മത്സ്യബന്ധനം
8. ജലകൃഷി വികസന പദ്ധതി
9. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതികൾ

സി) മത്സ്യഫെഡ് ഈ വർഷം നടപ്പാക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?;

സി) മത്സ്യഫെഡ് ഈ വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ സഹായത്തോടെ കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ ആധുനിക സൗകര്യങ്ങളോടെ ഒരു പീലിംഗ് സെന്റർ.
2. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ ഒരു ഫിഷ്മീൽ പ്ലാന്റ്, 3 വനിതാ ബസ്സുകൾ, 2 ഇൻസുലേറ്റഡ് വാഹനങ്ങൾ എന്നിവ.
3. രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ ഒരു ഗ്ലൂക്കോസമിൻ പ്ലാന്റ്, കോട്ടയത്ത് പബ്ലിക് അക്വേറിയം, ചെമ്മീൻ വിത്തുൽപാദന കേന്ദ്രങ്ങളുടേയും ഫാമുകളുടേയും പുനരുദ്ധാരണം എന്നിവ.
4. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ വല നിർമ്മാണ ശാല
5. സുനാമി അടിയന്തിര സഹായ പദ്ധതിയിൽ കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നി ജില്ലകളിൽ വർക്കിംഗ് ക്യാപിറ്റൽ ഫോർ റിവോൾവിംഗ് ഫണ്ട് പദ്ധതി.

Girija Kumari P
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം: 644

23/07/2009-ൽ മറുപടിക്ക്.

## പുറമ്പോക്ക് നിവാസികൾക്ക് തിരിച്ചറിയൽ കാർഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്.രാജേന്ദ്രൻ:<br>ശ്രീ.സാജുപോൾ:<br>ശ്രീ.ബി.രാഘവൻ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീമതി.കെ.കെ.ലതിക: | ശ്രീ.കെ.പി.രാജേന്ദ്രൻ)<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) പുറമ്പോക്ക് നിവാസികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) പുറമ്പോക്ക് നിവാസികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് റവന്യൂ വകുപ്പിൽ തീരുമാനമെടുത്തിട്ടില്ല. |
| (ബി) സംസ്ഥാനത്ത് എത്ര പേർ പുറമ്പോക്കുകളിൽ താമസിക്കുന്നു എന്നു കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) റോഡ് പുറമ്പോക്കുകളിലും മറ്റ് പുറമ്പോക്ക് സ്ഥലങ്ങളിലും വീടുവച്ച് സ്ഥിരതാമസമാക്കിയിട്ടുള്ളവരുടെ വിവരം എല്ലാ ജില്ലകളിലും ശേഖരിച്ചിട്ടില്ല. എന്നാൽ റവന്യൂ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾ 18,869 ഓളം വരും. |
| (സി) ഇതിനകം എത്രപേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട് എന്നറിയിക്കുമോ; | (സി) തിരിച്ചറിയൽ കാർഡ് നൽകിയിട്ടില്ല. |
| (ഡി) തിരിച്ചറിയൽ കാർഡിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ഡി) ബാധകമല്ല. |
| (ഇ) എല്ലാ പുറമ്പോക്ക് നിവാസികൾക്കും ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുമോ? | (ഇ) തീരുമാനമായിട്ടില്ല. |

Section Officer

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 645. — 23-07-2009-ലെ മറുപടിക്ക്

**പദ്ധതി പ്രവർത്തനങ്ങക്ക് ആവശ്യമായ ഭൂമി അക്വയർ ചെയ്യുന്നതിലെ കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.കുഞ്ഞിരാമൻ :<br>പ്രൊഫ: സി.രവീന്ദ്രനാഥ് :<br>ശ്രീ.കെ.സി.രാജഗോപാലൻ :<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീമതി.ജെ.അരുന്ധതി : | ശ്രീ.പാലോളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി അക്വയർ ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;<br><br>(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി അക്വയർ ചെയ്ത് നൽകുന്നതിന് റവന്യൂ വകുപ്പിൽ പ്രത്യേക സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) & (സി) അടിയന്തിരമായി ഭൂമി ഏറ്റെടുക്കേണ്ട പദ്ധതികളിലെ കാലതാമസം ഒഴിവാക്കാനായി ആദ്യം അടിയന്തിര ഖണ്ഡത്തിലും പിന്നീട് ഫാസ്റ്റ് ട്രാക്ക് പ്രോജക്ടിലും ഏറ്റെടുക്കുന്നതിനുള്ള ഉത്തരവുകൾ നൽകി വരുന്നു. ജില്ലാതല പർച്ചേസ് കമ്മിറ്റി ന്യായവില നിശ്ചയിച്ച് ഉടമസ്ഥന് നൽകുകയും കൂടുതൽ തുക ആവശ്യപ്പെടുകയില്ലെന്ന് ധാരണയിലെത്തുകയും ചെയ്യുന്നു. ഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുനരധിവാസവും നൽകുന്നു. പൊന്നുംവില നിയമത്തിലെ എല്ലാ നടപടി ക്രമങ്ങളും സമയപരിധിയും പാലിക്കുന്നത് കൊണ്ടും, ചില കേസുകളിൽ കോടതി വ്യവഹാരങ്ങൾ ഉണ്ടാകുന്നത് മൂലവും കാല താമസം നേരിടാറുണ്ട്. ഏറ്റെടുക്കൽ വേഗത്തിലാക്കാൻ എല്ലാ മാസവും ജില്ലാതല അവലോകന യോഗവും നടത്തി വരുന്നു.<br><br>ഇതുകൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി റവന്യൂ വകുപ്പിൽ പ്രത്യേക സംവിധാനം ഉണ്ടാക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.

<u>വിശദീകരണ കുറിപ്പ്</u>

1894 ലെ കേന്ദ്ര പൊന്നുംവില നിയമത്തിനും 1990 ലെ കേരള സ്ഥലമെടുപ്പ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നത്. നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും സമയപരിധികളും പാലിച്ചുകൊണ്ട് മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് അർത്ഥനാധികാരിക്ക് ഭൂമി ഏറ്റെടുത്ത് നൽകാൻ സാധിക്കുകയുള്ളൂ. കാലതാമസം ഒഴിവാക്കിക്കൊണ്ടുള്ള ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് സംവിധാനം ഇപ്പോൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു പ്രകാരം ഭൂമി ഉടമകളിൽ നിന്നും നേരിട്ടു വാങ്ങുകയാണ് ചെയ്യുന്നത്. ഡി.എൽ.പി.സി കമ്മിറ്റി കൂടി വില നിശ്ചയിക്കുന്നതിനാൽ ന്യായവില ഉടമസ്ഥനു നല്കുകയും കൂടുതലായി തുകയൊന്നും ആവശ്യപ്പെടുകയില്ലെന്ന് അയാളുമായി ധാരണയിലെത്തുകയും ചെയ്യുന്നു. അതിനാൽ സ്ഥലമെടുപ്പിന്റെ വേഗത വർദ്ധിക്കുന്നു. കൂടാതെ ഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുനരധിവാസവും നല്കുന്നു. എന്നാൽ പൊന്നുംവില നിയമത്തിലെ എല്ലാ നടപടിക്രമങ്ങളും സമയപരിധികളും പാലിക്കുന്നതുകൊണ്ടും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോടതികളിൽ വിവിധ വ്യവഹാരങ്ങൾ ഉണ്ടാകുന്നതിനാലും ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടാറുണ്ട്. കൂടാതെ നഷ്ടപരിഹാര തുക അർത്ഥനാധികാരി യഥാസമയം ലഭ്യമാക്കാത്തതിനാലും ഭൂമി ഏറ്റെടുക്കൽ നടപടികളിൽ തടസ്സം നേരിടാറുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ വിലയിരുത്താനും ത്വരിതപ്പെടുത്തുന്നതിനും ജില്ലാതലത്തിൽ എല്ലാമാസവും അവലോകന യോഗങ്ങൾ കൂടി സത്വര നടപടികൾ സ്വീകരിക്കാറുണ്ട്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 646 — 23/7/2009 – ൽ മറുപടിക്ക്

### സിവിൽ പോലീസ് കേഡർ

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീമതി. ഇ. എസ്. ബിജി മോൾ :

**മറുപടി**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് സിവിൽ പോലീസ് കേഡർ രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) പരിശോധനയിലാണ്. |
| (ബി) ഈ കേഡറിന്റെ ഘടന, പ്രവർത്തനരീതി എന്നിവയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ബി) ഈ കേഡറിന്റെ ഘടന, പ്രവർത്തനരീതി എന്നിവയ്ക്ക് രൂപം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 647</u> — 23. 7. 2009-ൽ മറുപടിയ്ക്ക്

**<u>മത്സ്യബന്ധന മദ്ധ്യേ മരണമടയുകയോ കാണാതാവുകയോ ചെയ്യുന്നവരുടെ ആശ്രിതർക്ക് സഹായം</u>**

<u>ചോദ്യം</u> — <u>മറുപടി</u>

ശ്രീ. ടി.എൻ.പ്രതാപൻ
ശ്രീ. എൻ.ശക്തൻ
ശ്രീ. വർക്കല കഹാർ

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) മത്സ്യബന്ധന മദ്ധ്യേ മരണമടയുകയോ കാണാതാവുകയോ ചെയ്യുന്നമത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; | എ) മത്സ്യഫെഡിലെ ഇൻഷ്വറൻസ് പദ്ധതി പ്രകാരം, മത്സ്യബന്ധനത്തിനിടയിൽ അപകടം മൂലം മരണമടയുകയോ ഹൃദ്രോഗം വന്ന് മരിക്കുകയോ ചെയ്താൽ ആശ്രിതർക്ക് 3 ലക്ഷം രൂപ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. മത്സ്യബന്ധനത്തിനിടയിൽ കാണാതാവുകയാണെങ്കിൽ ഇത് 'മാൻമിസ്സിംഗ്' കേസായി പരിഗണിക്കുകയും ബന്ധപ്പെട്ട ആർ.ഡി.ഒ യിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഇൻഷ്വറൻസ് തുകയായ 3 ലക്ഷം രൂപ നഷ്ടപരിഹാരമായി നോമിനിക്ക് ലഭിക്കുകയും ചെയ്യുന്നതാണ്. ഇൻഷ്വറൻസിന് മത്സ്യത്തൊഴിലാളി ഒടുക്കേണ്ട പ്രീമിയം നാല്പത്തിരണ്ട് രൂപഎഴുപത് പൈസ (രൂ. 42.70)യാണ്. |

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം മത്സ്യബന്ധന മദ്ധ്യേ മരണമടയുകയോ കാണാതാവുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് താഴെപ്പറയുംപ്രകാരം ധനസഹായം നൽകി വരുന്നു. ഇതിനുള്ള പ്രീമിയം സർക്കാർ വഹിക്കുന്നു.

1. അപകടമരണത്തിന് - 1 ലക്ഷം രൂപ
2. മത്സ്യബന്ധനവേളയിൽ അപകടംമൂലം കാണാതാകൽ - 1 ലക്ഷം രൂപ
3. മത്സ്യബന്ധനവേളയിൽ ഹൃദയാഘാതം മൂലം മരണം - 1 ലക്ഷം രൂപ
4. അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം - ഒരു കുട്ടിക്ക് 5000/- രൂപ പ്രകാരം പരമാവധി 10000/- രൂപ
5. ശവസംസ്കാര ചടങ്ങിന് ധനസഹായം - 2000/- രൂപ

| | |
|---|---|
| ബി) അവർക്ക് നൽകുന്ന സഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; | ബി) മത്സ്യഫെഡ് 2009-10 സാമ്പത്തിക വർഷത്തിലാണ് ഇൻഷ്വറൻസ് തുക ഒന്നരലക്ഷം രൂപയിൽ നിന്ന് മൂന്നു ലക്ഷം രൂപയായി വർദ്ധിപ്പിച്ചത്.<br><br>മത്സ്യബോർഡു മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ അപകടമരണത്തിനും മത്സ്യബന്ധനത്തിനിടയിൽ കാണാതാകലിനും നൽകി വരുന്ന ധനസഹായം 1 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു നൽകുന്നകാര്യം പരിശോധിച്ചുവരുന്നു. |
| സി) അവർക്ക് സഹായം നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിൽ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നത് മത്സ്യഫെഡ് പരസ്യമായ ടെണ്ടർ മുഖേന കണ്ടെത്തിയ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ്. ഇൻഷ്വറൻസ് കമ്പനിയുടെ വ്യവസ്ഥകൾ ആനുകൂല്യം ലഭ്യമാക്കുന്നതിന് ബാധകമാണ്. വ്യവസ്ഥകൾ പാലിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ആനുകൂല്യം നൽകുന്നതിന് തടസ്സമുണ്ടാകാറുണ്ട്.<br><br>മത്സ്യബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം, ഇൻഷ്വറൻസ് കമ്പനികൾ അപേക്ഷകളിൽ തീർപ്പ് കൽപിച്ച് ധനസഹായം വിതരണം ചെയ്തുവരുന്നുണ്ട്. |

Girija Kumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T 648

23.7.2009 - ൽ മറുപടിക്ക്

**അന്യസംസ്ഥാന നഴ്സിംഗ് കോളേജുകളിലെ വിദ്യാർത്ഥി പീഡനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ. അരുന്ധതി :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ : | **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>(ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ആന്ധ്രപ്രദേശിലെ നഴ്സിംഗ് കോളേജിൽ കേരളീയരായ വിദ്യാർത്ഥിനികൾ മാനഭംഗത്തിന് വിധേയരായ സംഭവത്തെക്കുറിച്ച് വിദ്യാർത്ഥികളുടെ പരാതി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | (എ) പരാതി ലഭിച്ചിട്ടില്ല. |
| (ബി) പരാതിയിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) & (സി) ബാധകമല്ല. |
| (സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | |
| (ഡി) അയൽ സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾ പലവിധ ചൂഷണങ്ങൾക്ക് വിധേയമാകുന്നത് തടയുന്നതിന് അയൽസംസ്ഥാന സർക്കാരുകളുമായി ബന്ധപ്പെട്ട് പോംവഴി കണ്ടെത്തുമോ ? | (ഡി) വ്യക്തമായ പരാതി ലഭിച്ചാൽ മാത്രമേ സംസ്ഥാന സർക്കാരിന് എന്തെങ്കിലും ചെയ്യാനാവൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 649

23-7-2009-ൽ മറുപടിയ്ക്ക്

റെസ്പോൺസിബിൾ ടൂറിസം

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് : | ഉത്തരം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
|---|---|
| (എ) റെസ്പോൺസിബിൾ ടൂറിസം എന്ന പദ്ധതി കേരളത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തെല്ലാമാണ് ; | (ബി) ടൂറിസവുമായി ബന്ധപ്പെട്ട് പ്രാദേശികമായി സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുക എന്നതാണ് ഉത്തരവാദിത്വ ടൂറിസത്തിന്റെ പ്രധാന ലക്ഷ്യം. കൂടാതെ ടൂറിസം വ്യവസായവും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക, സാധാരണക്കാർക്ക് പ്രയോജനകരമായ സാമ്പത്തിക ബന്ധങ്ങൾക്കുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ടൂറിസം സംബന്ധിയായ തൊഴിലവസരങ്ങളിലൂടെ പിന്നോക്കാവസ്ഥയിലുള്ളവരുടെ വരുമാനവും ജീവിത സാഹചര്യവും ഉയർത്തുക, സഞ്ചാരികൾക്ക് ഗ്രാമീണ ജീവിതത്തിന്റെ നേർക്കാഴ്ചകൾ അനുഭവിക്കുവാനുള്ള അന്തരീക്ഷം |

സൃഷ്ടിക്കുക, ടൂറിസം വ്യവസായ സംരംഭങ്ങൾ പരിസ്ഥിതി സൗഹാർദ്ദമായ പ്രവർത്തന രീതികൾ സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക , ടൂറിസവുമായ ബന്ധപ്പെട്ട സാമൂഹിക പ്രശ്നങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുക എന്നിവയും ഉത്തരവാദിത്വ ടൂറിസം പദ്ധതി വിഭാവനം ചെയ്യുന്നു.

| | | | |
|---|---|---|---|
| (സി) | ഇതിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) | 2007 ഫെബ്രുവരിയിൽ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു സംസ്ഥാനതല കമ്മിറ്റിയും ഡസ്റ്റിനേഷൻ തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡസ്റ്റിനേഷൻതല റെസ്പോൺസിബിൾ ടൂറിസം കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. ഇതിനു കീഴിൽ ഉപസമിതികളെയും രൂപീകരിച്ചു. ഒന്നാംഘട്ടമായി കോവളം, തേക്കടി, കുമരകം, വയനാട് എന്നീ കേന്ദ്രങ്ങളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നത്. ടൂറിസം കേന്ദ്രങ്ങളിലെ കുടുംബശ്രീ സംരംഭകർ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ, കർഷകർ, ടൂറിസം വ്യവസായ സംരംഭകർ എന്നിവർ മുഖാന്തിരമാണ് വിവിധ ഘട്ട ആസൂത്രണവും പ്രവൃത്തിയും നടന്നു വരുന്നത്. പ്രാദേശിക ഉല്പാദന വിതരണ സംവിധാനം കുടുംബശ്രീയുടെ |

നേതൃത്വത്തിൽ പ്രവർത്തിച്ചു വരു ന്നു. ഡസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ച് 'സമൃദ്ധി' എന്ന പേരിൽ ഉത്തരവാദിത്വ ടൂറിസം വിപണന കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട നാലു കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങളുടെ ഏകോപനം ഉത്തരവാദിത്വ ടൂറിസം സെല്ലുകളിൽ നിക്ഷിപ്തമാണ്. ഈ രംഗത്തെ ഏറ്റവും പുതിയ സംരംഭമായി ഓരോ കേന്ദ്രങ്ങളിലും 'വില്ലേജ് ലൈഫ് എക്സ്പീരിയൻസ്" എന്ന പേരിൽ ജനകീയ ടൂറിസം സംരംഭങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. റെസ് പോൺസിബിൾ ടൂറിസത്തിന്റെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ നടപ്പാക്കാൻ നിർവ്വഹണ ഏജൻസിയായി 'ജിറ്റ്പാക്" എന്ന ഏജൻസിയെ ടെൻഡർ മുഖേനെ തിരഞ്ഞെടുത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയുടെ ഭാഗമായി ഹോംസ്റ്റേയുടെ പ്രമോഷനു വേണ്ടി എന്തെങ്കിലും സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ ) | ഹെൽത്ത് ടൂറിസം വികസിപ്പിക്കാൻ വിനോദ സഞ്ചാര വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ഇ ) | ഹെൽത്ത് ടൂറിസം മേഖലയിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് നിയോഗിച്ച ഗുണനിലവാര ക്ലാസ്സിഫിക്കേഷൻ സമിതി 38 സെന്ററുകൾക്ക് ഗ്രീൻ ലീഫ് പദവിയും 18 |

സെന്ററുകൾക്ക് ഒലീവ് ലീഫ് പദവിയും നൽകിയിട്ടുണ്ട്. ആയുർവേദ ചികിത്സ ലഭ്യമായ റിസോർട്ടുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ആധുനിക വൈദ്യ ശാസ്ത്ര രംഗത്തെ വിദഗ്ദരെയും മറ്റും ഉൾപ്പെടുത്തി ഒരു മെഡിക്കൽ ടൂറിസം കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഹെൽത്ത് ടൂറിസം പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുള്ള കേരളത്തിലെ പ്രധാന ആശുപത്രികളെകുറിച്ചുള്ള വിവരങ്ങളുൾപ്പെടുത്തി ലഘു ലേഖകൾ പ്രസിദ്ധീകരിക്കുകയും അന്തർദേശീയ മേളകളിലും ദേശീയ മേളകളിലും ടൂറിസം വകുപ്പ് നേരിട്ട് സംഘടിപ്പിക്കുന്ന റോഡ് ഷോകളിലും മെഡിക്കൽ ടൂറിസം സാദ്ധ്യതയെക്കുറിച്ച് പ്രചരണം നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 650

23.7.2009-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് കേന്ദ്രം അനുവദിച്ച തുക

ചോദ്യം

മറുപടി

ശ്രീ. വർക്കല കഹാർ
ശ്രീ. എൻ. ശക്തൻ
ശ്രീ. സി.പി. മുഹമ്മദ്

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു
മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും കഴിഞ്ഞ വർഷം കേന്ദ്രം സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചു; | എ) മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ജീവിത ഉന്നമനത്തിനും വിവിധ പദ്ധതികളിലായി കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് കഴിഞ്ഞവർഷം സർക്കാരിന് കഴിഞ്ഞു. കേന്ദ്ര സഹായം നേടിയെടുത്ത പ്രധാന പദ്ധതികളും അനുവദിച്ച തുകയും താഴെ കൊടുക്കുന്നു. സുനാമി പുനരധിവാസ പദ്ധതിപ്രകാരം 2008-09 സാമ്പത്തിക വർഷം 11.80 കോടി രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിപ്രകാരം 21.21 കോടി രൂപയും നേടിയെടുത്തു. എ.ഡി.ബി.യുടെ സഹായത്തോടെ സുനാമി അടിയന്തിര സഹായ പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടി 4.04 കോടി രൂപയും ലഭിച്ചു. 2008-09 വർഷം മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി നടത്തിപ്പിനായി കേന്ദ്ര വിഹിതമായി 4,14,54,000 രൂപയും മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്കായി 16,26,716 രൂപയും നേടിയെടുത്തു. കൂടാതെ മത്സ്യഫെഡിന് 51.976 കോടി രൂപ അനുവദിച്ചു. ഇതിൽ 4969.48 ലക്ഷം രൂപ വായ്പയും 228.12 ലക്ഷം രൂപ ഗ്രാന്റും ആണ്. ഉൾനാടൻ മേഖലയിൽ മത്സ്യ കൃഷി വികസനത്തിനായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയുടെ 75% (CSS) അനുസരിച്ച് കേന്ദ്ര സർക്കാരിൽ നിന്നും 2008-09 വർഷം 70 ലക്ഷം രൂപയും ആത്മഹത്യാ സാധ്യത കൂടുതലുള്ള ജില്ലകൾക്കുള്ള പ്രത്യേക പാക്കേജ് (വിദർഭ പാക്കേജ്) പ്രകാരം 2008-09 ൽ 230 ലക്ഷം രൂപയും നേടിയെടുത്തു. ജല സംഭരണികളിൽ മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2008-09 ൽ 42.85 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡിൽ നിന്നും ലഭ്യമായിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 27 പദ്ധതികളുടെ നടത്തിപ്പിനായി 2008-09 വർഷം 12 കോടി രൂപ അംഗീകരിക്കുകയും അതിൽ 612 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. |
| ബി) പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം വികസന പദ്ധതികൾക്ക് രൂപം കൊടുത്തു നടപ്പാക്കി; | ബി) സുനാമി പുനരധിവാസ പദ്ധതി, സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം ഏറ്റെടുത്ത പദ്ധതികൾ അനുബന്ധം 1- ആയി ചേർത്തിട്ടുണ്ട്. മത്സ്യഫെഡ് മുഖേന ഏറ്റെടുത്ത വികസന പദ്ധതികൾ അനുബന്ധം 2- ആയി ചേർത്തിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 141225 ഗുണഭോക്താക്കൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 232388 മത്സ്യത്തൊഴിലാളികൾക്കും പ്രയോജനം ലഭിച്ചു. ഉൾനാടൻ മത്സ്യകൃഷി വികസനത്തിന് ലഭിച്ച തുക ഉപയോഗിച്ച് മത്സ്യകർഷക വികസന ഏജൻസികൾ വഴിയും ഓരുജല കർഷക വികസന ഏജൻസികൾ വഴിയും മത്സ്യ/ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ചെമ്മീൻ മത്സ്യകർഷകർക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം, സാമ്പത്തിക സഹായം എന്നിവ നൽകി. ചെമ്മീൻ കൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ സർവ്വേയിലൂടെ കണ്ടെത്തി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നു. |

വിശേഷ പാക്കേജ് പ്രകാരം 2008-09 ൽ ലഭിച്ച 23[illegible] ലക്ഷം രൂപ ഉപയോഗിച്ച് പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങൾ കണ്ടെത്തുന്നതിന് [illegible] കയും ആയതിനായി [illegible] സർവ്വേ നടത്തി [illegible] ചെയ്യുന്നു. 2007-08 വർഷത്തിൽ ലഭിച്ച 103 ലക്ഷം രൂപയിൽ പാലക്കാട് ജില്ലയ്ക്ക് 52.44356 ലക്ഷം രൂപയും വയനാട് ജില്ലയ്ക്ക് 20.[illegible] ലക്ഷം രൂപയും കാസർഗോഡിന് 30 ലക്ഷം രൂപയും അനുവദിച്ച് നൽകി. 2006-07, 2007-08 വർഷങ്ങളിലെ തുക ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ 1170 മത്സ്യകർഷകർക്ക് മുഖ്യ [illegible] ഇൻപുട്ട് സപ്ലൈ നൽകി. 34.9[illegible] ഹെക്ടറിൽ മത്സ്യകൃഷി [illegible]. 188600 മത്സ്യവിത്ത് വിതരണം ചെയ്തു. വയനാട് ജില്ലയിൽ സാങ്കേതിക സർവ്വേ നടത്തി 33.30 ഹെക്ടർ ജലാശയത്തിൽ മത്സ്യകൃഷി നടപ്പിലാക്കി 454 ഗുണഭോക്താക്കൾക്ക് 158540 മത്സ്യവിത്ത് വിതരണം ചെയ്തു. പാലക്കാട് ജില്ലയിൽ 111.50 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി നടപ്പിലാക്കി 214 ഗുണഭോക്താക്കൾക്കായി 206320 മത്സ്യവിത്ത് വിതരണം ചെയ്തു. ജലസംഭരണികളിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ലഭിച്ച 42.85 ലക്ഷം രൂപ ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ മലമ്പുഴ , വാളയാർ, മീങ്കര , ചുള്ളിയാർ, പോത്തുണ്ടി, മംഗലം, കാഞ്ഞിരപ്പുഴ എന്നീ 7 റിസർവോയറുകളിൽ 2629232 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, അഡാക്ക്, മത്സ്യഫെഡ്, ഫിർമ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖാന്തിരം 27 പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**(വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.)**

**സി) ഈയിനത്തിൽ എത്ര തുക ചിലവഴിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?**

**സി)** ടി.ആർ.പി പദ്ധതിക്കുവേണ്ടി 10.27 കോടി രൂപയും പി.എം.എൻ.ആർ.എഫ് പദ്ധതിയിൻ കീഴിൽ 3.50 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നിവ പ്രകാരം ലഭിച്ച തുക മുഴുവനും ചെലവഴിച്ചു. വിവിധ പദ്ധതികൾക്കായി മത്സ്യ ഫെഡിന് ലഭിച്ച തുക താഴെ പറയും പ്രകാരം ചെലവഴിച്ചു.

(രൂപ)

| | | |
|---|---|---|
| 1 | ദേശീയ സഹകരണ വികസന കോർപ്പറേഷൻ - സംയോജിത മത്സ്യ വികസന പദ്ധതി | 415 ലക്ഷം |
| 2 | ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ -<br>ടേം വായ്പ<br>മൈക്രോ ഫിനാൻസ് | <br><br>150 ലക്ഷം<br>500 ലക്ഷം |
| 3 | ദേശീയ പിന്നോക്കവിഭാഗ ധനകാര്യ<br>കോർപ്പറേഷൻ - ടേം വായ്പ<br>മൈക്രോ ഫിനാൻസ് | <br>200 ലക്ഷം<br>1300 ലക്ഷം |
| 4 | സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി ട്യൂണ ടെർമിനൽ പദ്ധതി<br>അക്വാകൾച്ചർ - ചെമ്മീൻ വിത്തുത്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന്. | 59.65 ലക്ഷം<br>3 ലക്ഷം |
| | ആകെ | 2627.65 ലക്ഷം രൂപ |

*ഉൾനാടൻ കൃഷിക്ക് ലഭിച്ച 70 ലക്ഷം രൂപയും വിശേഷ പാക്കേജിൽ 103 ലക്ഷം രൂപയും ജല സംഭരണിയിലെ മത്സ്യ ഉല്പാദനത്തിനായി 26,29,232 രൂപയും ചെലവഴിച്ചു, രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ലഭിച്ച 612 ലക്ഷം രൂപയിൽ 406.66 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.*

Mayya Kumari

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.651

23.7.2009ൽ മറുപടിയ്ക്ക്.

ദേശീയ പെൻഷൻ പദ്ധതി

ചോദ്യം

ശ്രീ.കെ.സി.ജോസഫ്:
ശ്രീ.കെ.ശിവദാസൻ നായർ:
ശ്രീ.എം.മുരളി:
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന ദേശീയ പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയോ; | (എ) | ദേശീയ പെൻഷൻ പദ്ധതി എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. എന്നാൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി (IGNOAPS) നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ പുതുതായി പ്രഖ്യാപിച്ച ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ പദ്ധതി (IGNWPS), ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി (IGNDPS) എന്നീ രണ്ട് പെൻഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ ഗുണഭോക്താക്കൾ ഏതു വിഭാഗത്തിൽപ്പെടുന്നവരെന്നും അവർക്ക് ഇതുവരെ എത്ര രൂപ വീതം പെൻഷൻ നൽകി വരുന്നെന്നും അറിയിക്കുമോ; | (ബി) | കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ചുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 65 വയസ്സോ അതിനു മുകളിലോ ഉള്ളവരാണ് IGNOAPs പെൻഷന് അർഹതയുള്ളത്. പ്രതിമാസം 250/-രൂപ വീതമാണ് പെൻഷൻ തുക. 40 വയസ്സു മുതൽ 64 |

| | | | |
|---|---|---|---|
| | | | വയസ്സു വരെ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകളാണ് IGNWPS ന്റെ ഗുണഭോക്താക്കൾ. 18 നും 64 നും ഇടയിൽ പ്രായമുള്ള തീവ്രതയുള്ളതോ ഒന്നിൽ കൂടുതലോ ആയ വൈകല്യങ്ങൾ ഉള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ് IGNDPS ന്റെ ഗുണഭോക്താക്കൾ. ഈ രണ്ട് പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടില്ല. |
| (സി) | ഈ പദ്ധതിയുടെ വിജയത്തിന് എന്തെല്ലാം നടപടികളെടുത്തുവെന്ന് വെളിപ്പെടുത്തുമോ; | (സി) യും (ഡി) യും | കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ പ്രകാരമുള്ള ബിപിഎൽ ലിസ്റ്റ് അംഗീകരിക്കപ്പെട്ടെങ്കിൽ മാത്രമേ ടി പദ്ധതികളുടെ അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയുകയുള്ളൂ. ബിപിഎൽ ലിസ്റ്റ് ലഭ്യമായാൽ പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കുന്നതാണ്. |
| (ഡി) | ഈ പദ്ധതിയുടെ വിജയത്തിന് എന്തെല്ലാം പ്രചരണം നൽകി; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | | |

R. Vijayalay

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 652

28.07.2009 - ൽ മറുപടിക്ക്

## അധിക വിഭവസമാഹരണത്തിന് ധനകാര്യ കമ്മീഷന്റെ ശുപാർശകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എം.മാണി | | ശ്രീ.പാലോളി മുഹമ്മദ്കുട്ടി<br>(ബഹു: തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക വിഭവ സമാഹരണത്തിനായി സംസ്ഥാന ധനകാര്യകമ്മീഷൻ എന്തെല്ലാം ശുപാർശകൾ നൽകിയിട്ടുണ്ട് ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക വിഭവസമാഹരണത്തിനായി സംസ്ഥാന ധനകാര്യകമ്മീഷൻ നൽകിയ ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>എ) നികുതി - നികുതിയേതര വരുമാനം വർദ്ധിപ്പിക്കൽ.<br>ബി) പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിഹിതം.<br>സി) വായ്പ എടുക്കൽ. |
| (ബി) | എങ്കിൽ വിശദമാക്കാമോ ; | (ബി) | നികുതി - നികുതിയേതര വരുമാനങ്ങളുടെ നടത്തിപ്പ് മൊത്തത്തിൽ പരിഷ്കരിച്ച്കൊണ്ട് അധിക വിഭവ സമാഹരണം നടത്തേണ്ടതാണ്. റവന്യൂ വരുമാനത്തിൽ വർദ്ധനവ് വേണം എന്ന കാര്യം മാത്രം പരിഗണിച്ചല്ല, മറിച്ച് എല്ലാ വശങ്ങളും നോക്കി വേണം, നികുതി - നികുതിയേതര നിരക്കുകൾ വർദ്ധിപ്പിക്കേണ്ടത്. പൊതുജന വിഹിതം രൊക്കം പണമായി വേണം സ്വരൂപിക്കേണ്ടത്. വായ്പ എടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിശീർഷ വരുമാനത്തിന്റെ 5 ശതമാനത്തിൽ പരിമിതപ്പെടുത്തേണ്ടതും വായ്പ തുക തിരിച്ചടയ്ക്കുന്നതിന് വ്യക്തമായ ഒരു സമയക്രമം ഉണ്ടാകേണ്ടതുമാണ്. |
| (സി) | അങ്ങനെയെങ്കിൽ ഏതെല്ലാം ശുപാർശകളാണ് നാളിതുവരെ നടപ്പാക്കിയിട്ടുള്ളതെന്നും ഏതെല്ലാം നടപ്പാക്കാനുണ്ട് എന്നും വ്യക്തമാക്കുമോ ? | (സി) | മേൽ ശുപാർശകളെല്ലാം തന്നെ അംഗീകരിച്ച് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 653 — 23.7.2009-ൽ മറുപടിക്ക്

മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. എസ്. ശർമ്മ (മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടമുണ്ടാകുമ്പോൾ അടിയന്തിര സുരക്ഷയുള്ള മെച്ചപ്പെട്ട എന്തെല്ലാം സജ്ജീകരണങ്ങളും സന്നാഹങ്ങളും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിനുണ്ട്; | എ) കടൽ രക്ഷാ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനത്തെ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വാടകയ്ക്ക് എടുത്തിട്ടുള്ള രക്ഷാബോട്ടുകൾ ഉപയോഗിച്ച് മറൈൻ എൻഫോഴ്സ്മെന്റ് പോലീസിന്റെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം നടത്തിവരുന്നു. ടി ബോട്ടുകളിൽ ജീവൻ രക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ് തുടങ്ങിയവയും ടോർച്ച് ലൈറ്റും ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) അവർക്ക് അത്യന്താധുനിക സ്പീഡു ബോട്ടുകളും, ആധുനിക ബൈനാക്കുലറുകളും സർച്ച് ലൈറ്റുകളും നൽകുവാൻ നടപടി സ്വീകരിക്കുമോ? | ബി) സുനാമി പുനരധിവാസ പദ്ധതിയിൽ 'കടൽ സുരക്ഷ' എന്ന പദ്ധതി പ്രകാരം കടൽ രക്ഷാ പ്രവർത്തനത്തിന് മൂന്ന് റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ടി ബോട്ടുകളിൽ ആധുനിക ബൈനോക്കുലറുകളും സെർച്ച് ലൈറ്റുകളും ഉൾപ്പെടുന്നുണ്ട്. കൂടാതെ 9 തീരദേശ ജില്ലകളിൽ കടൽ രക്ഷാ പ്രവർത്തനത്തിൽ തദ്ദേശ വാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സന്നദ്ധ പ്രവർത്തനത്തിൽ താല്പര്യമുള്ള മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി കടൽ സുരക്ഷാ സേന രൂപീകരിച്ചുവരുന്നു. ഇവർക്ക് കടൽ രക്ഷാപ്രവർത്തനത്തിനായി ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, GPS, സെർച്ച് ലൈറ്റ്, റഡാർ റിഫ്ലക്ടർ, Scuba Diving equipment, ഹീലിയോ ഗ്രാഫ്, First Aid kit, Rigid inflatable boat എന്നിവ വാങ്ങി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി ഒരു ഹെലികോപ്റ്റർ നൽകുമോ ? | സി) അടിയന്തിരഘട്ടങ്ങളിൽ കടൽ രക്ഷാ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനായി രണ്ടു ഹെലികോപ്റ്ററുകൾ കേരള കോസ്റ്റ്ഗാർഡിന് അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

Hima Kumari (signature)
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ*1654 23..07..2009 - ൽ മറുപടിക്ക്

### പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി പ്രകാരം സംസ്ഥാനത്തു നടക്കുന്ന വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി;<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ;<br>ശ്രീ. എം. ഹംസ;<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ; | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പുമന്ത്രി) |
| (എ) പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി പ്രകാരം സംസ്ഥാനത്ത് നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി പ്രകാരം ഉൽപാദന-സേവന മേഖലകളിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോൽസാഹനമായി പദ്ധതി ചിലവിന്റെ 35% വരെ സർക്കാർ ധനസഹായം നൽകുന്നു. ഗ്രാമീണ മേഖലയിൽ ഖാദി കമ്മീഷനും ഖാദി ബോർഡും ജില്ലാ വ്യവസായകേന്ദ്രങ്ങളും പദ്ധതി നടപ്പാക്കുമ്പോൾ നഗരപ്രദേശത്ത് ജില്ലാ വ്യവസായകേന്ദ്രങ്ങൾ മാത്രം പദ്ധതി നടപ്പാക്കുന്നു. ജില്ലാ കളക്ടറും ജനപ്രതിനിധികളും, ലീഡ്ബാങ്ക് മാനേജരും, പദ്ധതി നടപ്പാക്കുന്ന ഏജൻസികളുടെ പ്രതിനിധികളും സാമൂഹികസുരക്ഷാ ഏജൻസികളുടെ പ്രതിനിധികളും (പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ) അടങ്ങുന്ന ഒരു ജില്ലാതല ടാസ്ക് ഫോഴ്സ് കമ്മിറ്റിയാണ് പദ്ധതിയുടെ ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്നത്.<br>കൂടാതെ പദ്ധതിയെപ്പറ്റി ബോധവൽക്കരണത്തിന് ശില്പശാല, ബോധവൽക്കരണക്യാമ്പ്, |

വിദഗ്ധ പരിശീലനം(ഇ.ഡി.പി.), ബാങ്കുകൾക്കായുള്ള വിലയിരുത്തൽ അവലോകന മീറ്റിംഗ്, സംസ്ഥാനതലത്തിലുള്ള പദ്ധതി നിർവ്വാഹക സമിതി തുടങ്ങിയ പ്രവർത്തനങ്ങളും ഇത്തരം യൂണിറ്റുകൾ നിർമ്മിച്ച ഉല്പന്നങ്ങളുടെ വിപണനത്തിന് പ്രദർശനമേളകളും സംഘടിപ്പിക്കുന്നു.

(ബി) പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കാനുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി)
1. അപേക്ഷകർക്ക് 18 വയസ്സ് തികഞ്ഞിരിക്കണം, ഉയർന്ന പ്രായപരിധിയില്ല
2. വരുമാന പരിധി ബാധകമല്ല.
3. നിർമ്മാണ മേഖലയിൽ 10 ലക്ഷം രൂപയ്ക്കും സേവനമേഖലയിൽ 5 ലക്ഷം രൂപയ്ക്കും മുകളിൽ പദ്ധതി നടപ്പിലാക്കുന്ന സംരംഭകർ കുറഞ്ഞത് 8-ാം തരം പാസായിരിക്കണം.
4. പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് മാത്രമേ വായ്പ ലഭിക്കുകയുള്ളൂ.
5. സ്വയംസഹായ സംഘങ്ങൾക്കും ടി പദ്ധതി പ്രകാരം വായ്പ ലഭ്യമാണ്.
6. സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 1860 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ, ഉല്പാദന സഹകരണ സംഘങ്ങൾ, ചാരിറ്റബിൾ ട്രസ്റ്റുകൾ മുതലായവയും അപേക്ഷിക്കാൻ അർഹരാണ്.

| | | | |
|---|---|---|---|
| (സി) | പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (സി) | ഗവൺമെന്റ് സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതിപ്രകാരം 2008-2009 സാമ്പത്തിക വർഷത്തിൽ 408 ലക്ഷം രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2009-2010 വർഷത്തേക്ക് 2123.80 ലക്ഷം രൂപ കേരളത്തിന് വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വായ്പ ലഭിക്കുന്നത് ; | (ഡി) | 1. 27 പൊതുമേഖലാ ബാങ്കുകൾ.<br>2. ഗ്രാമീണ ബാങ്കുകൾ.<br>3. സംസ്ഥാനതല ടാസ്ക്ഫോഴ്സ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ള സഹകരണ ബാങ്കുകൾ, സ്വകാര്യ ഷെഡ്യൂൾഡ്, വാണിജ്യ ബാങ്കുകൾ.<br>4. സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് (SIDBI) |
| (ഇ) | പദ്ധതിയുടെ ഈ വർഷത്തെ പ്രവർത്തന ലക്ഷ്യം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (ഇ) | തീരുമാനിച്ചിട്ടുണ്ട്.<br>2009-2010-ലെ സംസ്ഥാനത്തെ ആകെ ടാർജറ്റ് 1770 ആണ്.<br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ആകെ - 708<br>ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ - 531<br>ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് - 531<br>തൊഴിൽ ലഭ്യതയ്ക്ക് ലക്ഷ്യമിട്ടുള്ള ആകെ ടാർജറ്റ് 17695 ആണ്. (ഡി.ഐ.സി.-7079, കെ.വി.ഐ.സി. - 5308, കെ.വി.ഐ.ബി. - 5308) |

സെക്ഷൻ ഓഫീസർ

# 12-ാം കേരള നിയമസഭ

## 11-ാം സമ്മേളനം

23.07.2009 ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ടത്
നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 655

<u>പെൻഷൻകാർക്ക് ചികിത്സാപദ്ധതി</u>

| ചോദ്യം<br><br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. എം. മുരളി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഉത്തരം<br><br>ധനകാര്യവകുപ്പു മന്ത്രി |
|---|---|
| (എ) ഈ സർക്കാർ നിലവിൽ വന്നശേഷം പെൻഷൻകാർക്ക് ചികിത്സാപദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | 2009-2010 ലെ ധനകാര്യ ബജറ്റ് പ്രസംഗത്തിൽ സർവ്വീസ് പെൻഷൻ കാരുടെ ഇൻഷ്വറൻസ് സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ പെൻഷൻ കാരുടെ സംഘടനയുമായി ചർച്ച ചെയ്തുവോ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | ഇക്കാര്യത്തിൽ പെൻഷൻകാരുടെ സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ട്. 30.01.2009 ൽ നടന്ന ചർച്ചയിൽ കേന്ദ്രഗവൺമെന്റിന്റെ ആരോഗ്യ പദ്ധതി (CGHS) യ്ക്ക് സമാനമായ ഒരു പദ്ധതിയ്ക്കായി സംഘടനകൾ ആവശ്യമുന്നയിച്ചിരുന്നു.<br>പെൻഷൻകാരിൽ നിന്നും യാതൊരു വിഹിതം ഈടാക്കാതെയും പ്രായപരിധി നിശ്ചയിക്കാതെയും എല്ലാവിധ ചികിത്സകൾക്കും (including pre-existing and Common diseases) പരിധിയില്ലാതെ സാമ്പത്തിക സഹായം അനുവദിയ്ക്കുക എന്നതായിരുന്നു സംഘടനകളുടെ ആവശ്യം. ഇക്കാര്യത്തിൽ ചർച്ചയിൽ ഒരു തീരുമാനം ഉണ്ടായില്ല. |
| (സി) പെൻഷൻകാരുടെ ചികിത്സാ പദ്ധതി താമസംവിനാ നടപ്പാക്കുമോ; | നടപടികൾ എടുത്തുവരികയാണ്. |

| | |
|---|---|
| (ഡി) സംസ്ഥാന പെൻഷൻ കാർക്കുവേണ്ടി ഒരു ക്ഷേമനിധി നടപ്പാക്കിയിരുന്നുവോ; | 02.03.2001 -ലെ സ.ഉ (പി) നം 454/01/ധന പ്രകാരം ഒരു ക്ഷേമപദ്ധതി നടപ്പാക്കിയിരുന്നു. |
| (ഇ) അതു നിർത്തലാക്കിയതിനുശേഷം വീണ്ടും ഒരു ക്ഷേമനിധിക്ക് രൂപം നൽകണമെന്ന് പെൻഷൻകാരുടെ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ; | ആവശ്യപ്പെട്ടിട്ടുണ്ട്. |
| (എഫ്) എങ്കിൽ അവർക്ക് വേണ്ടി ക്ഷേമനിധി രൂപീകരിക്കാൻ നടപടിയെടുക്കുമോ ? | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:656

23-7-2009-ൽ മറുപടിക്ക്

## ആഴക്കടൽ മത്സ്യബന്ധനം

**ചോദ്യം**

ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. സി.എം. ദിനേശ് മണി
ശ്രീ. എ.എം. ആരിഫ്
ശ്രീ. കുഞ്ഞിരാമൻ
ശ്രീ. കെ.ടി.ജലീൽ

**മറുപടി**

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

എ) യും ബി) യും

ഫിഷറീസ് വകുപ്പു വഴി നടപ്പാക്കുന്ന പദ്ധതിയിൽ 50 മത്സ്യത്തൊഴിലാളികൾക്ക് ഫിഷറി സർവ്വേ ഓഫ് ഇൻഡ്യ (FSI) യുടെ യാനത്തിൽ ആഴക്കടൽ മത്സ്യബന്ധന പരിശീലനവും 13 ബോട്ടുകൾക്ക് അവയുടെ ഘടനയിൽ മാറ്റം വരുത്തി ആഴക്കടൽ മത്സ്യബന്ധനത്തിനുപയുക്തമാക്കുന്ന വിധത്തിൽ പരിഷ്കരണവുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. *43 മത്സ്യത്തൊഴിലാളികൾ FSI യുടെ യാനത്തിൽ* പരിശീലനം പൂർത്തിയാക്കുകയും തെരഞ്ഞെടുത്ത 4 യാനങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിനുപയുക്തമാക്കുന്ന വിധത്തിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിയുകയും ചെയ്തു.

സി.ഡി.എ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ തിരുവനന്തപുരം പൂന്തുറയിലെ 5 ഗ്രൂപ്പുകൾക്ക് (20 മത്സ്യത്തൊഴിലാളികൾ) രാജ്യാന്തര സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ, രണ്ട് റീലുകളിൽ ചുറ്റി 150 മുതൽ 175 വരെ എണ്ണം ചൂണ്ടകൾ കൈകൊണ്ട് പ്രവർത്തിപ്പിക്കാവുന്നതും പരമ്പരാഗത വള്ളങ്ങളിൽ ഘടിപ്പിക്കാവുന്നതുമായ മത്സ്യബന്ധന സംവിധാനം സജ്ജീകരിക്കുന്നതിൽ പരിശീലനം നൽകി. മത്സ്യബന്ധനോപകരണങ്ങൾ നിർമ്മിക്കുന്നതിനും പിടിച്ചെടുത്ത മത്സ്യം കേടുകൂടാതെ കരയിലെത്തിക്കുകയും ചെയ്യുന്നതിനുള്ള പരിശീലനം നൽകി കഴിഞ്ഞു.

മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്ന ആഴക്കടൽ മത്സ്യബന്ധന പദ്ധതിയായ ഡോറി ഫിഷിംഗ് പദ്ധതിയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ്. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലുമായി ആകെ 20 ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുന്നതിനായി 4 കോടി രൂപയുടെ കേന്ദ്രസഹായം ഗ്രാന്റായി ലഭ്യമായിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലായി 8 ഗ്രൂപ്പുകൾക്ക് പദ്ധതി പ്രകാരം ധനസഹായമായി 158.98 ലക്ഷം രൂപയും CIFNET, MPEDA തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗുണഭോക്താക്കൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി 12.16 ലക്ഷം രൂപയും പദ്ധതി

നിർവ്വഹണത്തിനായി 1.5 ലക്ഷം രൂപയും ഉൾപ്പെടെ 172.65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റ് ഗ്രൂപ്പുകൾക്ക് ആവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങളും സുരക്ഷാ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

സി) ആഴക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

സി) പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തെ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വാടകയ്ക്ക് എടുത്തിട്ടുള്ള രക്ഷാ ബോട്ടുകൾ ഉപയോഗിച്ച് മറൈൻ എൻഫോഴ്സ്മെന്റ് പോലീസിന്റെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം നടത്തിവരുന്നു. ടി ബോട്ടുകളിൽ ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ് തുടങ്ങിയവയും ടോർച്ച് ലൈറ്റും ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്

ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷയ്ക്കായി സുനാമി പുനരധിവാസ പദ്ധതിയിൽ (TRP) ഉൾപ്പെടുത്തി എല്ലാ സുരക്ഷാ സന്നാഹങ്ങളോടും കൂടിയ പുതിയ മൂന്ന് റെസ്ക്യൂ ബോട്ടുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 1.60 കോടി രൂപയുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ TEAP, TRP, PMNRF എന്നി പദ്ധതികളിൽ ഉൾപ്പെടുത്തി 7262 സുരക്ഷാ കിറ്റുകൾ (എസ്.എ.ആർ.ബീക്കൺ ,ലൈഫ്ബോയ്, ഹീലിയോഗ്രാഫ്, റഡാർ റിഫ്ലക്ടർ, ഫ്ലാഷ് ലൈറ്റ്, കോമ്പസ്, ജാക്ക്നൈഫ്, വൈറ്റമിൻ ബിസ്ക്കറ്റ്, First aid Kit, EPIRB, Water can) മത്സ്യബന്ധനയാനങ്ങൾക്ക് അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സുനാമി പുനരധിവാസ പദ്ധതി പ്രകാരം 9 തീരദേശ ജില്ലകളിൽ കടൽ രക്ഷാപ്രവർത്തനം മറൈൻ എൻഫോഴ്സ്മെന്റ് പോലീസിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് 9 കടൽ സുരക്ഷാസേനാ സംഘങ്ങളെ തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി രൂപീകരിച്ചു വരുന്നു. ഇവർക്ക് കടൽ രക്ഷാ പ്രവർത്തനത്തിനായി ലൈഫ് ജാക്കറ്റ്, ലൈഫ്ബോയ്, GPS, സെർച്ച് ലൈറ്റ്, റഡാർ റിഫ്ലക്ടർ, സ്കൂബാഡൈവിംഗ് ഇക്യുപ്മെന്റ്, ഹീലിയോഗ്രാഫ്, First aid Kit, Rigid Inflatable Boat എന്നിവ വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മത്സ്യഫെഡ് നടപ്പാക്കുന്ന പദ്ധതിയിൽ ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൂതന മത്സ്യബന്ധന സങ്കേതങ്ങളും മദർ വെസ്സലിലും കാരിയർ വള്ളങ്ങളിലും പ്രത്യേകം സജ്ജീകരിച്ചിട്ടുണ്ട്. ജി.പി.എസ്, ഫിഷ് ഫൈന്റർ, വി.എച്ച്.എഫ്. റേഡിയോ, ടെലഫോണുകൾ, ലൈഫ് ബോയ്, ലൈഫ്ജാക്കറ്റ് എന്നിവ ഗ്രൂപ്പുകൾക്ക് നൽകുന്നു.

Hiranya Kumari
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.657 23-7-2009- ൽ മറുപടിയ്ക്ക്

## അലങ്കാര മത്സ്യകൃഷിയും അക്വാടെക്നോളജി പാർക്കും

ചോദ്യം

മറുപടി

ശ്രീ.പി.ടി.എ.റഹീം :
ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി :
ശ്രീ.വി.ജെ.തങ്കപ്പൻ :
ശ്രീ.ജോർജ്ജ് എം. തോമസ് :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്. അലങ്കാര മത്സ്യങ്ങളുടെ ഉൽപ്പാദനവും വിപണനവും ലക്ഷ്യമിട്ട് ഇന്ത്യയിൽ ത്തന്നെ ആദ്യമായിട്ടുള്ള ഒരു സംരംഭമാണ് ആലുവായ്ക്കടുത്ത് കടുങ്ങല്ലൂരിൽ സ്ഥാപിതമാകുന്ന അക്വാടെക്നോളജി പാർക്ക്. ഇവിടെ അലങ്കാര മത്സ്യങ്ങളുടെ ഉൽപ്പാദനത്തിനും, കയറ്റുമതിക്കും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കും. സ്വയംസംരംഭകരായ10 മുതൽ 15 വരെ മത്സ്യകർഷർക്ക് 0.25 ഏക്കർ സ്ഥലം മത്സ്യഉല്പാദന കയറ്റുമതി സെൻററുകൾ തുടങ്ങുന്നതിനു ലഭ്യമാകും. അക്വാപാർക്കിനോടനുബന്ധിച്ച് അനുയോജ്യമായ സാറ്റലൈറ്റ് ഫാമുകൾ കർഷകരുടെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതാണ്. സാറ്റലൈറ്റ് ഫാമുകളോടനുബന്ധിച്ച് ആ പ്രദേശങ്ങളിൽ താല്പര്യമുള്ള ആളുകളുടെ ഭവനങ്ങളിൽ അലങ്കാര മത്സ്യങ്ങളുടെ ഉൽപ്പാദനത്തിനും, വിപണനത്തിനും ഹോംസ്റ്റെഡ് ഫാമുകളും ആരംഭിക്കുന്നതാണ്. സാറ്റലൈറ്റ് ഫാമുകളിലും ഹോംസ്റ്റെഡ് ഫാമുകളിലും ഉല്പാദിപ്പിക്കുന്ന മത്സ്യം അക്വാടെക്നോളജി പാർക്ക് വഴി കയറ്റുമതി ചെയ്യുന്നതാണ്. ടി പാർക്ക് ഫിഷറീസ് വകുപ്പും, അനുബന്ധ സ്ഥാപനങ്ങൾ, ബാങ്കുകൾ, കെ.എസ്.ഐ.ഡി.സി, സ്വയംസംരംഭകർ എന്നിവരും ഉൾപ്പെട്ട ഒരു സ്വകാര്യ-പൊതുമേ |

| | |
|---|---|
| | ഖല പങ്കാളിത്ത കമ്പനിയായിട്ടായിരിക്കും തുട ങ്ങുക. |
| (ബി) അലങ്കാര മത്സ്യകൃഷിക്കും വിപണനത്തിനുമുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽകാൻ നടപടി സ്വീകരിക്കുമോ ; | (ബി) അലങ്കാര മത്സ്യകൃഷിക്കും വിപണന ത്തിനുമുള്ള പരിശീലനം ജൂലൈ അവസാന വാരം ആരംഭിക്കുന്നതാണ്. |
| (സി) ആലുവയിൽ അക്വാടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനായി രൂപീ കരിച്ച കേരള അക്വാവെഞ്ചേഴ്സ് ലിമി റ്റഡ് എന്ന കമ്പനി പ്രവർത്തമാരംഭി ച്ചിട്ടുണ്ടോ ; | (സി) അലങ്കാര മത്സ്യങ്ങളുടെ വാണിജ്യാടി സ്ഥാനത്തിലുള്ള ഉൽപ്പാദനവും കയറ്റുമ തിയും ലക്ഷ്യമിട്ട് കേരള അക്വാ വെഞ്ചേർസ് ഇൻറർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന കമ്പനി പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. |
| (ഡി) അക്വാടെക്നോളജി പാർക്കിനോ ടനുബന്ധിച്ചുള്ള സാറ്റലൈറ്റ് ഫാമു കൾ ഏതെല്ലാം ജില്ലകളിൽ ആരംഭി ച്ചിട്ടുണ്ട് ? | (ഡി) ആദ്യഘട്ടമായി കണ്ണൂർ - പഴശ്ശിരാജ ഫാം, തിരുവനന്തപുരം - നെയ്യാർഡാം, മലപ്പു റം-വെളിയംകോട് ഹാച്ചറി, ആലപ്പുഴ-കരു വാറ്റയിലുള്ള സ്വകാര്യ ഫാം എന്നിവ സാറ്റ ലൈറ്റ് ഫാമുകളായി സജ്ജീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 658

23.07.2008-ൽ മറുപടിക്ക്

# തീരദേശ മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ

ചോദ്യം

ഉത്തരം
ശ്രീ എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

ശ്രീ. [illegible]
ശ്രീ. [illegible]
ശ്രീ. കെ. രാജു
ശ്രീ. ജോസഫ് എം. പുതുശ്ശേരി
ശ്രീ. കെ. അജിത്

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്ത് തീരദേശ മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ ; | എ) 6-6-07-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 356/07/ഫിഷ് ആന്റ് പിഡി പ്രകാരം 9 തീരദേശ ജില്ലകളിലും ഓരോ മത്സ്യവിജ്ഞാന കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 50 മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ തീരദേശ ജില്ലകളിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ബി) ഈ കേന്ദ്രങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം പ്രയോജനങ്ങൾ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | ബി) മത്സ്യവിജ്ഞാന കേന്ദ്രം വഴി താഴെപ്പറയുന്ന സേവനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്.<br>1. കടലിൽ മത്സ്യങ്ങൾ കൂടുതൽ കാണുന്ന മേഖലകളെ (പൊട്ടൻഷ്യൽ ഫിഷിംഗ് സോൺ) കുറിച്ച് മത്സ്യത്തൊഴിലാളികളെ അറിയിക്കുവാൻ സാധിക്കും. ഇതുവഴി മത്സ്യബന്ധനം നടത്തുന്ന സമയവും ചെലവും ലഘൂകരിക്കാൻ സാധിക്കും.<br>2. കാലാവസ്ഥ, പ്രകൃതിക്ഷോഭം തുടങ്ങിയവ സംബന്ധിച്ച് മുന്നറിയിപ്പ് നൽകുക വഴി മത്സ്യത്തൊഴിലാളികളുടെ ജീവനും മത്സ്യബന്ധന ഉപകരണങ്ങളും സംരക്ഷിക്കുവാൻ കഴിയും.<br>3. മത്സ്യവകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പാക്കി വരുന്ന വിവിധ ക്ഷേമ - വികസന പദ്ധതികളെ കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം അറിയുവാൻ സാധിക്കും.<br>4. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പുതിയ വിവരങ്ങൾ അപ്പപ്പോൾ തന്നെ മത്സ്യത്തൊഴിലാളികളെ ഈ കേന്ദ്രങ്ങൾ വഴി അറിയിക്കുവാൻ സാധിക്കും.<br>5. മത്സ്യമാർക്കറ്റിലെ വില നിലവാരം മത്സ്യത്തൊഴിലാളികൾക്ക് കൈമാറാൻ അവസരം ലഭിക്കുന്നു. |
| സി) ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്? | സി) സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന മത്സ്യവിജ്ഞാന കേന്ദ്രം സ്ഥാപിക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ കേന്ദ്ര പ്ലാനിംഗ് കമ്മീഷന് നൽകുന്നതിന് ഫിഷറീസ് വകുപ്പ് 5/6/08 ൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റിനു നൽകുകയും അതിൻപ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (എസ്.എൽ.ഇ.സി) യുടെ അപ്രൂവൽ അനുസരിച്ച് പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. |

Sreeja Kumari
സെക്ഷൻ ഓഫീസർ